VOL NO: 05 I ISSUE 41
www.nerpatham.com
mail@nerpatham.com
2021 OCTOBER 16 I ₹12

# നേർപഥം

വാരിക


# മുഹമ്മദ് നബി ﷺ മാനവതയുടെ വഴികാട്ടി

ലോകത്തിന് കാരുണ്യമായിക്കൊണ്ട് കടന്നുവന്ന അന്ത്യപ്രവാചകനാണ് മുഹമ്മദ് നബി ﷺ. മനുഷ്യരിൽ ഏറ്റവുമധികം ആളുകൾ അനുധാവനം ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉടമ കൂടിയായ അദ്ദേഹത്തെ മാതൃകയാക്കി നിരവധി പേർ വിശ്വാസം ക്രമപ്പെടുത്തുന്നു. അപ്പോഴും നബിസ്നേഹത്തിന്റെ പേരിൽ അനുയായികളിൽ വലിയൊരു വിഭാഗം ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്?!

- നബിദിനാഘോഷത്തിലെ ഇസ്‌ലാമും ഇസ്‌ലാമിലെ പ്രവാചക സ്നേഹവും

- ചെറിയ ബദ്ർ
- യുക്തിനാട്യങ്ങൾ
- സ്വഫിയ്യ ബിൻത് അബ്ദുൽ മുത്വലിബ്

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437




# നമസ്കാരത്തിലെ പ്രാർഥനകൾ പ്രകീർത്തനങ്ങൾ

**ഡോ. ഹാഫിസ് ജലാലുൽ ഹഖ് സലഫി ആമയൂർ / വില: ₹ 60**

നമസ്കാരത്തിൽ വിശ്വാസികൾ നിർവഹിക്കുന്ന ദിക്റുകളുടെയും പ്രാർഥനകളുടെയും അർഥം അറിയുക എന്നത് നമസ്കാരത്തിലെ ഭക്തിയുടെ അളവിൽ വർധനവുണ്ടാക്കും എന്നതിൽ സംശയമില്ല. അതിനുപകരിക്കുന്ന ഒരു കൃതിയാണിത്. രണ്ടാം പതിപ്പിൽ ചില അധ്യായങ്ങൾ ചേർത്തിട്ടുണ്ട്. അബ്ദുൽ ഹഖ് സുല്ലമിയുടെ അവതാരിക ഇതിനെ പ്രൗഢമാക്കുന്നു. നമസ്കാരത്തിലെ പ്രധാന പ്രാർഥനകളുടെയും ദിക്റുകളുടെയുമെല്ലാം അർഥങ്ങൾ സാധാരണക്കാർക്ക് ഗ്രാഹ്യമാവുന്ന രീതിയിൽ ഇതിൽ വിവരിച്ചിട്ടുണ്ട്.

0247
നേർപഥം
വാരിക

2021 ഒക്ടോബർ 16
1442 റബിഉൽ അവ്വൽ 09
പുസ്തകം 05 / ലക്കം 41

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






10
മുഹമ്മദ് നബി ﷺ:
മാനവതയുടെ വഴികാട്ടി
ഉസ്മാൻ പാലക്കാഴി

05
മുഖമൊഴി
ഒഴുക്കിനെതിരെ...
എഡിറ്റർ

06
ചരിത്രത്തിലെ മഹതികൾ
സ്വഫിയ്യ ബിൻത്
അബ്ദുൽ മുത്വലിബ്
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

18
ചരിത്രപഥം
ചെറിയ ബദ്ർ
ഹുസൈൻ സലഫി, ഷാർജ

23
ക്വുർആൻ ദർശനം
അന്നജ്മ് (നക്ഷത്രം)
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

26
ലേഖനം
നബിദിനാഘോഷത്തിലെ ഇസ്‌ലാമും
ഇസ്‌ലാമിലെ പ്രവാചക സ്നേഹവും
അബൂഫായിദ

31
വിവർത്തനം
ആരാധനകൾക്ക് ഒരാമുഖം
ശമീർ മദീനി

34
കവിത
യുക്തിനാട്യങ്ങൾ
സുലൈമാൻ പെരുമുക്ക്

ചലനങ്ങൾ

# സംസ്കാര ശൂന്യതയുടെ അടയാളമാണ് വെറുപ്പ്: ഡോ. എം. പി അബ്ദുസ്സമദ് സമദാനി എംപി

മലപ്പുറം: സംസ്കാര ശൂന്യതയുടെ അടയാളമാണ് വെറുപ്പെന്ന് ഡോ. എം.പി അബ്ദുസ്സമദ് സമദാനി എംപി അഭിപ്രായപ്പെട്ടു. 'വെറുപ്പിനെതിരെ സൗഹൃദ കേരളം' എന്ന പ്രമേയത്തിൽ വിസ്ഡംഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന ദ്വൈമാസ കാമ്പയിൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിറവും ഭാഷയും പ്രദേശവുമെല്ലാം വൈവിധ്യമാർന്നതാണ്, ഈ വൈവിധ്യം പ്രകൃതിയുടെ യാഥാർഥ്യമെന്ന് ഉൾക്കൊണ്ടാൽ ലോകത്ത് കൂടുതൽ ഐക്യവും സാഹോദര്യവും വീണ്ടെടുക്കാനാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

മതത്തിന്റെ നിരാകരണമാണ് വെറുപ്പെന്നും വൈരത്തിന്റെ വക്താക്കൾ മതത്തെ റാഞ്ചാൻ ശ്രമിക്കുകയാണെന്നും വൈവിധ്യം പ്രകൃതി യാഥാർഥ്യമാണെന്നും അദ്ദേഹം തുടർന്നു. മനുഷ്യനിന്ദയും ദൈവനിന്ദയും തമ്മിൽ വലിയ അകലമില്ല. പരസ്പര ബഹുമാനം സൗഹൃദത്തിന്റെ അടിസ്ഥാനമാണ്. സാമാന്യമര്യാദ നഷ്ടപ്പെടുന്നിടത്ത് വെറുപ്പ് കടന്നുവരുന്നു; ഡോ: സമദാനി വിശദീകരിച്ചു.

വിശ്വാസപരമായ വ്യക്തിത്വം നിലനിർത്തിക്കൊണ്ടുതന്നെ മനുഷ്യസൗഹാർദം നിലനിർത്താൻ സാധിക്കുമെന്ന് രാജ്യം തെളിയിച്ചിട്ടുണ്ട്. വൈവിധ്യങ്ങളെ വെറുക്കുന്നവർ ഇന്ത്യൻ ഭരണഘടനയെ തള്ളിക്കളയുന്നവരാണ്. വിഷലിപ്തമായ സമീപനങ്ങൾ ഒറ്റപ്പെട്ടതാണ്, അവയെ പ്രബുദ്ധകേരളം നിരാകരിക്കുകതന്നെ ചെയ്യും.

സന്ദേശ പ്രചാരണത്തിന്റെ ഭാഗമായി ഒക്ടോബർ 15 വെള്ളിയാഴ്ച ഫാക്കൽറ്റി സംഗമം നടക്കും. ഒക്ടോ: 24,31, നവംബർ 7 തീയതികളിൽ സംസ്ഥാനത്തെ അമ്പതോളം കേന്ദ്രങ്ങളിൽ സൗഹൃദ സംഗമങ്ങൾ നടക്കും. ശാഖാതലങ്ങളിൽ മനുഷ്യസൗഹാർദ കൂട്ടായ്മകൾ നടക്കും.

ഭാരവാഹികളായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ടി.കെ അഷ്റഫ്, ഹാരിസ് കായക്കൊടി, അർഷദ് അൽഹികമി, ഫൈസൽ മൗലവി, നാസിർ ബാലുശ്ശേരി, ഹുസൈൻ കാവനൂർ, ഷമീൽ അരീക്കോട്, താജുദ്ദീൻ സ്വലാഹി തുടങ്ങിയവർ പ്രസംഗിച്ചു.


## സ്കൂൾ ഓഫ് ഖുർആൻ ബ്രാഞ്ചുകൾക്ക് അപേക്ഷ ക്ഷണിച്ചു

ജാമിഅ അൽ ഹിന്ദിന്റെ ആഭിമുഖ്യത്തിൽ വ്യതിരിക്തമായ കാഴ്ചപ്പാടോടുകൂടി രൂപകൽപന ചെയ്തതും 2014 മുതൽ വിജയകരമായി പ്രവർത്തിക്കുന്നതുമായ സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം.

ഒന്നാം ക്ലാസിൽ ആരംഭിച്ച് ബിരുദാനന്തര ബിരുദത്തോടെ കോഴ്സ് പൂർത്തീകരിക്കുന്ന തരത്തിൽ തയ്യാറാക്കിയ 17 വർഷത്തെ സമഗ്ര പഠന സംവിധാനമാണ് സ്കൂൾ ഓഫ് ഖുർആൻ.

2022 ജൂൺ ഒന്നിന് ആറ വയസ് കവിയാത്തവരും 22-23 അധ്യയന വർഷത്തിൽ സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്നവരുമായ വിദ്യാർഥി വിദ്യാർഥിനികൾക്കാണ് പ്രവേശനം നൽകുക.

ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും സെന്റർ വഴിയും ബാക്കിയുള്ള ദിവസങ്ങളിൽ ഓൺലൈനിലൂടെയുമാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

അഞ്ചുവർഷം പ്രാദേശിക കേന്ദ്രങ്ങൾ വഴിയും അടുത്ത അഞ്ച് വർഷം റസിഡൻഷ്വൽ ക്യാമ്പസ് വഴിയുമാണ് ആദ്യ രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നത്.

ഖുർആൻ, ഇസ്ലാമിക് സ്റ്റഡീസ് എന്നിവയിൽ അവഗാഹം നേടുന്നതോടൊപ്പം സി.ബി.എസ്.ഇ സിലബസിൽ ഉന്നത വിജയം നേടാനും അഞ്ച് ഭാഷകൾ സ്വായത്തമാക്കാനും ഹാഫിളാവാനും കുട്ടികളെ പ്രാപ്തരാക്കുന്ന രീതിയിലാണ് കരിക്കുലത്തിലെ രണ്ടാം ഘട്ടം പ്ലാൻ ചെയ്തിട്ടുള്ളത്.

ഹയർ സെക്കണ്ടറി, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയോടൊപ്പം മത-സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ തികഞ്ഞ കാഴ്ചപ്പാട് രൂപീകരിക്കുന്ന തരത്തിലാണ് ബാക്കിയുള്ള മൂന്ന് ഘട്ടങ്ങൾ.

നിങ്ങളുടെ ജില്ലയിലെ ഏതെങ്കിലും മണ്ഡലത്തിലോ ശാഖയിലോ സെന്റർ തുടങ്ങാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഗൂഗിൾ ഫോം വഴി അപേക്ഷ നൽകുക.

**റജിസ്ട്രേഷൻ ലിങ്ക്:** https://forms.gle/xFobkHpaiG2BoEd88

**വിശദ വിവരങ്ങൾക്ക്:** 9995588317, 9072646000

**അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി:** നവംബർ 25

Office: School of Qur'an, Jamia Al-Hind Al-Islamiyya, Jamia Campus, Mini Ootty - Oorakam
www.schoolofquran.in, mail@schoolofquran.in

മുഖമൊഴി

# ഒഴുക്കിനെതിരെ...

ഒഴുക്കിനൊത്ത് നീന്തുക എന്നത് എളുപ്പമുള്ള കാര്യമാണ്. എന്നാൽ ഒഴുക്കിനെതിരെ നീന്തൽ പ്രയാസകരമാണ്; സാഹസമാണ്. ഈ സാഹസത്തിന് അധികമാരും തയ്യാറാവാറില്ല. സമൂഹത്തിലെ തിന്മകളോടും മിക്കയാളുകളും ഈ നിലപാടാണ് സ്വീകരിക്കാറുള്ളത്. എല്ലാവരും ചെയ്യുന്ന ഒരു തിന്മയെ ഞാനായിട്ടെന്തിന് എതിർക്കണം എന്ന് പലരും ചിന്തിക്കുന്നു. പലപ്പോഴും ആ തിന്മയുടെ ഭാഗമായി മാറുകയും ചെയ്യുന്നു.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള ഭയവും രക്ഷയെക്കുറിച്ചുള്ള പ്രതീക്ഷയുമാണ് തിന്മകൾ വെടിയുവാനും തിന്മയ്ക്കെതിരെ ശബ്ദിക്കുവാനും നന്മകൾ ചെയ്യുവാനും നന്മകൊണ്ട് കൽപിക്കുവാനുള്ള പ്രചോദനം. അല്ലാഹുവും അവന്റെ ദൂതനും നന്മയായി പഠിപ്പിച്ചതെന്തോ അതെല്ലാം നന്മയും തിന്മയായി ചൂണ്ടിക്കാട്ടിയതെന്തോ അതെല്ലാം തിന്മയുമാണെന്ന് ഉറച്ചുവിശ്വസിക്കുന്നവനാണ് ഒരു സത്യവിശ്വാസി. അഥവാ ഇസ്‌ലാം തിന്മയെന്നു പറഞ്ഞ ഒരു കാര്യം നന്മയാണെന്നോ നന്മയെന്നു പറഞ്ഞ ഒരു കാര്യം തിന്മയാണെന്നോ കരുതുവാനുള്ള അവകാശം ഒരു വിശ്വാസിക്കില്ല.

ചെറുതും വലുതുമായ നന്മകളെല്ലാം ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്. ആ നന്മകൾ സ്വജീവിതത്തിൽ പകർത്തൽ അനിവാര്യമാണെന്ന് ഇസ്‌ലാം അറിയിക്കുന്നു. മുഹമ്മദ് നബിﷺസംഭവബഹുലമായ തന്റെ ജീവിതത്തിലൂടെ അവയെല്ലാം പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തു. സമൂഹത്തിൽനിന്നുമകന്ന് ആരുമായും യാതൊരു ബന്ധവും പുലർത്താതെ, ആരെയും യാതൊരുനിലയ്ക്കും സഹായിക്കാതെ ആരാധനകളിൽ നിരതനായി ഒറ്റപ്പെട്ടു ജീവിക്കുവാനല്ല ഇസ്‌ലാം ആഹ്വാനം ചെയ്യുന്നത്. മനുഷ്യൻ സാമൂഹ്യ ജീവിയാണ്. അതുകൊണ്ടുതന്നെ സമൂഹത്തിൽ അവനുള്ള റോളുകളിൽനിന്ന് അവൻ ഒളിച്ചോടുവാൻ പാടില്ല.

മാതാപിതാക്കളോട്, മക്കളോട്, ഭാര്യയോട്, ഭർത്താവിനോട്, സഹോദരീ സഹോദരന്മാരോട്, കുടുംബക്കാരോട്, അയൽവാസികളോട്, അഗതികളോട്, അനാഥരോട്, ജീവജാലങ്ങളോട്... അങ്ങനെ എല്ലാവരോടും എല്ലാറ്റിനോടും നന്മയിൽ വർത്തിക്കുവാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. സത്യസന്ധത, കാരുണ്യം, ദയ, വിശ്വസ്തത, വിട്ടുവീഴ്ച, ക്ഷമ, വിനയം, നന്മയിൽ സഹകരിക്കൽ തുടങ്ങിയ, മനുഷ്യബന്ധങ്ങളെ സ്നിഗ്ധമാക്കുന്ന മുഴുവൻ ഗുണങ്ങളും ഉൾക്കൊള്ളുവാനും കളവ്, വഞ്ചന, അഹങ്കാരം, പാരുഷ്യം, കോപം, അസൂയ തുടങ്ങിയ എല്ലാ ദുർഗുണങ്ങളും വെടിയുവാനും പലിശ, ലഹരി, ചൂതാട്ടം, വ്യഭിചാരം, കൊല, കൊള്ള തുടങ്ങിയ മുഴുവൻ ദുശ്ചെയ്തികളും വർജിക്കുവാനും ഒരു മുസ്‌ലിം പ്രതിജ്ഞാബദ്ധനാണ്.

നബിﷺ പറഞ്ഞു: "നിങ്ങൾ കൂടെക്കൂടികളാകരുത്. ആളുകൾ നല്ലകാര്യം ചെയ്യുമ്പോൾ ഞാനും നല്ല കാര്യം ചെയ്യും; അവർ ദുഷ്പ്രവൃത്തി ചെയ്യുമ്പോൾ ഞാനും ദുഷ്പ്രവൃത്തി ചെയ്യും എന്ന നിലപാടെടുക്കരുത്. ജനങ്ങൾ നന്മചെയ്യുമ്പോൾ മാത്രം അവരോടു സഹകരിക്കുക, തിന്മചെയ്യുമ്പോൾ അവരിൽനിന്ന് അകന്നു മാറുക" (തിർമിദി).

ഇങ്ങനെയൊക്കെ ജീവിക്കൽ അത്ര എളുപ്പമുള്ള കാര്യമല്ല. നന്നായി ക്ലേശിക്കേണ്ടിവരും. ആത്മബോധത്തിന്റെ കരുത്തിൽ സത്യവിശ്വാസി ചങ്കുറപ്പോടെ നിവർന്നുനിൽക്കുന്നവനായിരിക്കണം. ആർക്കും അവനെ സത്യമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനാവില്ല. അല്ലാഹുവിന്റെ കാവൽ ഉള്ളതിനാൽ അവൻ മറ്റാരെയും ഭയപ്പെടേണ്ടതുമില്ല.

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ചരിത്രത്തിലെ മഹതികൾ



# സ്വഫിയ്യ ബിൻത് അബ്ദുൽ മുത്ത്വലിബ്

**അവലംബം:**
**സ്വഹാബ വനിതകളുടെ ജീവിത ചിത്രങ്ങൾ:**
**അബ്ദുറഹ്മാൻ റഅ്ഫത്ത് ബാഷ**

ഇസ്‌ലാമിലെ മഹിളകളിൽ അതിപ്രധാന സ്ഥാനം അലങ്കരിച്ച, ഇസ്‌ലാമിനുവേണ്ടി വനിതകളിൽ നിന്ന് ആദ്യമായി യുദ്ധരംഗത്ത് ഒരു അവിശ്വാസിയെ വധിച്ച മഹതിയാണ് സ്വഫിയ്യ ബിൻത് അബ്ദുൽ മുത്ത്വലിബ്ؓ. രണ്ട് ധീരരായ മുസ്‌ലിം പടനായകർക്ക് ജന്മം നൽകാൻ സാധിച്ച, നബിﷺയുടെ അമ്മായി എന്ന സ്ഥാനം ലഭിച്ച മഹതിയാണവർ.

എല്ലാ അർഥത്തിലും കുടുംബ മഹിമയിൽ അവർ മുന്നിട്ടുതന്നെ നിന്നു. അവരുടെ പിതാവ് അബ്ദുൽ മുത്ത്വലിബ് നബിﷺയുടെ പിതാമഹനും ക്വുറൈശി നേതാവും എല്ലാവരാലും ആദരിക്കപ്പെടുന്ന വ്യക്തിത്വവുമായിരുന്നു; മാതാവാകട്ടെ നബിﷺയുടെ മാതൃസഹോദരിയായ ഹാല ബിൻത് വഹബും.

ആദ്യഭർത്താവ് ഹാരിസ് ഇബ്നു ഹർബ്, അബൂസുഫ്‌യാനിﷺന്റെ സഹോദരൻ. ക്വുറൈശികളിലെ പ്രബല ഗോത്രമായ ഉമയ്യ ഗോത്രത്തിന്റെ നേതാക്കളിലൊരാൾ. അദ്ദേഹം മരണപ്പെട്ടതിനു ശേഷമാണ് അവർ മറ്റൊരു വിവാഹം കഴിക്കുന്നത്. അത് അവ്വാം ബിൻത് ഖുവൈലിദിനെയായിരുന്നു. അദ്ദേഹമാകട്ടെ പ്രവാചക പത്നി ഖദീജﷺയുടെ സഹോദരനുമാണ്.

സ്വഫിയ്യﷺയുടെ മകനോ? സുബൈറുബിൻ അവ്വാം; റസൂലിന്റെ ആത്മസുഹൃത്തുക്കളിൽ ഒരാൾ! ഇങ്ങനെ രക്തബന്ധം കൊണ്ടും വിവാഹബന്ധം കൊണ്ടും റസൂലിനോട് ചേർന്നുനിൽക്കുന്ന മാറ്റാരെങ്കിലുമുണ്ടോ എന്ന് തോന്നുമാറ് മഹത്ത്വപൂർണമായ ജീവിതംകൊണ്ട് അനുഗ്രഹിക്കപ്പെട്ട വനിതയാണ് സ്വഫിയ്യﷺ.

തന്റെ മകൻ സുബൈർ ചെറിയ കുഞ്ഞായിരിക്കുമ്പോൾ ഭർത്താവ് അവ്വാം മരണപ്പെടുകയുണ്ടായി. മകൻ സുബൈറിനെ ആ മാതാവ് ഏറെ ബുദ്ധിമുട്ടിയാണ് വളർത്തിയത്. ഏങ്കിലും അവർ അവന് യുദ്ധതന്ത്രവും ആയോധന കലകളും അശ്വാരൂഢ ഭടത്വവും അഭ്യസിപ്പിച്ചു. അവൻ കളിച്ചുവളർന്നത് കുന്തങ്ങൾകൊണ്ടും അമ്പും വില്ലും നന്നാക്കിയുമായിരുന്നു. ഏത് ഭയചകിതമായ അന്തരീക്ഷത്തിലൂടെ കടന്നുപോകാനും പ്രതിസന്ധികളെ അതിജീവിക്കാനും അവർ അവനെ പ്രാപ്തനാക്കി.

ചെറിയ വീഴ്ചകൾക്ക് പോലും ആ മാതാവ് മകന് വേദനിക്കുന്ന ശിക്ഷകൾ നൽകി. പലരും അതിൽ അവരെ ആക്ഷേപിച്ചു പറയുകയുണ്ടായി: 'നിങ്ങൾക്ക് എന്തോ പകയുള്ളത് പോലെയാണല്ലോ ആ കുട്ടിയെ നിങ്ങൾ ശിക്ഷിക്കുന്നത്. ഇതൊരു മാതാവിന്റെ പ്രവർത്തനമാണോ?' അവരുടെ മറുപടി ഇതായിരുന്നു: 'എനിക്ക് എന്റെ പുത്രനോട് പകയാണെന്ന് പറയുന്നവർ തനി വ്യാജമാണ് പറയുന്നത്, ഞാനവനെ അടിക്കുന്നത് അവൻ ബുദ്ധികൂർമതയോടെ കാര്യങ്ങൾ അറിഞ്ഞു മനസ്സിലാക്കാനാണ്. തൻമൂലം അവന് സൈന്യങ്ങളെ പരാജയപ്പെടുത്താനും വിജയങ്ങൾ ആവർത്തിക്കാനുമാകും.'

നബിﷺയെ അല്ലാഹു ദിവ്യബോധനം നൽകി പ്രവാചകനാക്കിയപ്പോൾ, ജനങ്ങൾക്കുള്ള താക്കീതുകാരനും മാർഗദർശിയുമായി മാറ്റിയപ്പോൾ ആദ്യം അദ്ദേഹത്തോട് അടുത്ത ബന്ധുക്കളിൽനിന്നാണ് പ്രബോധനം ആരംഭിക്കാൻ പറഞ്ഞത്. അതനുസരിച്ച് നബിﷺ അബ്ദുൽ മുത്ത്വലിബിന്റെ കുടുംബത്തെ സമീപിച്ചു. അവരിലെ മുതിർന്നവരെയും സ്ത്രീകളെയും പുരുഷന്മാരെയും കുട്ടികളെയും നബി പ്രത്യേകം കാണുകയും വിളിച്ചുകൂട്ടുകയും ചെയ്തു. അവരെ അഭിസംബോധന ചെയ്ത കൂട്ടത്തിൽ നബിﷺ ആരംഭിച്ചത് ഇങ്ങനെയാണ്: 'അല്ലയോ മുഹമ്മദിന്റെ മകൾ ഫാത്വിമാ... അല്ലയോ അബ്ദുൽ മുത്ത്വലിബിന്റെ മകൾ സ്വഫിയ്യാ... അല്ലയോ അബ്ദുൽ മുത്ത്വലിബിന്റെ കുടുംബമേ... അല്ലാഹുവിന്റെയടുക്കൽ നിങ്ങൾക്കു വേണ്ടി യാതൊന്നും നേടിത്തരാൻ എനിക്കാവില്ല.'

പിന്നീട് നബി ﷺ സ്വഫിയ്യﷺയെ വ്യക്തിപരമായി ഇസ്‌ലാമിലേക്ക് കടന്നുവരാൻ പ്രേരിപ്പിക്കുകയും അവർ അല്ലാഹുവിന്റെ പ്രകാശവഴിയിലേക്ക് കടന്നുവരികയും ചെയ്തു. ആ പ്രകാശം മറ്റുള്ളവർക്ക് പങ്ക് വെക്കാൻ അവർ തയ്യാറായി. ഇസ്‌ലാമിക നിരയിലേക്ക് ആദ്യം കടന്നുവന്നവരുടെ കൂട്ടത്തിൽ നമുക്ക് സ്വഫിയ്യﷺയെ കാണാം. അഭിമാന ബോധത്തോടെ അവർ ഇസ്‌ലാമിനു വേണ്ടി നിലകൊണ്ടു.

സ്വഫിയ്യയും മകൻ സുബൈറും ഇസ്‌ലാമിക പ്രകാശത്തിന്റെ മുൻനിരയിൽ തന്നെ സ്ഥാനമുറപ്പിച്ചു. ആദ്യകാലത്തെ വിശ്വാസികൾ ക്വുറൈശികളിൽനിന്നേറ്റു വാങ്ങിയ എല്ലാ പീഢനങ്ങളും അവരും എൽക്കേണ്ടിവന്നു.

പിന്നീട് നബിﷺക്കും അനുചരന്മാർക്കും മദീനയിലേക്ക് പലായനം നടത്താൻ അല്ലാഹു അനുവാദം നൽകിയപ്പോൾ തന്റെ എല്ലാ ബന്ധങ്ങളും ഓർമകളും സുഖസൗകര്യങ്ങളും മക്കയിൽ ബാക്കിയാക്കി ആ ക്വുറൈശി പ്രമുഖ മദീനയെ ലക്ഷ്യം വെച്ച് ഹി

> **ഉഹ്ദ് യുദ്ധവേളയിൽ സ്വഫിയ്യﷺ പുറപ്പെട്ടത് ഒരുപറ്റം മുസ്‌ലിം സ്ത്രീകളുടെ കൂടെയായിരുന്നു. അവർ തോൽപാത്രങ്ങളിൽ വെള്ളം ശേഖരിച്ച് യുദ്ധഭൂമിയിലെ പടയാളികളെ കുടിപ്പിക്കുകയും, മുറിവേറ്റവരെ ശുശ്രൂഷിക്കുകയും, ഒടിഞ്ഞുപോയ അമ്പും വില്ലുമടക്കമുള്ള ആയുധങ്ങൾ ശരിയാക്കി കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം അവർ യുദ്ധത്തെ എല്ലാ അർഥത്തിലും വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുകൊണ്ടിരുന്നു.**

ജ്റക്ക് തയ്യാറായി; അല്ലാഹുവിന്റെ മതമനുസരിച്ചു ജീവിക്കുവാനുള്ള കൊതിയുമായി. ഓർക്കണം, ഒരു അറുപതു വയസ്സുകാരിയാണ് തന്റെ ജീവിതസന്ധ്യയിൽ ഈ ത്യാഗത്തിന് മുതിരുന്നത്!

സ്വഫിയ്യ ﵁ക്ക് യുദ്ധരംഗത്ത് ഒരു പക്ഷേ, മറ്റൊരു മുസ്‌ലിം വനിതയ്ക്കും പറയാനാകാത്ത ധീരതയുടെ ചരിത്രം പറയാനുണ്ടാകും. പ്രത്യേകിച്ചും ഉഹ്ദ്, ഖന്തഖ് യുദ്ധ വേളകളിൽ.

ഉഹ്ദ് യുദ്ധവേളയിൽ സ്വഫിയ്യ ﵁ പുറപ്പെട്ടത് ഒരുപറ്റം മുസ്‌ലിം സ്ത്രീകളുടെ കൂടെയായിരുന്നു. അവർ തോൽപാത്രങ്ങളിൽ വെള്ളം ശേഖരിച്ച് യുദ്ധഭൂമിയിലെ പടയാളികളെ കുടിപ്പിക്കുകയും, മുറിവേറ്റവരെ ശുശ്രൂഷിക്കുകയും, ഒടിഞ്ഞുപോയ അമ്പും വില്ലുമടക്കമുള്ള ആയുധങ്ങൾ ശരിയാക്കി കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. അതോടൊപ്പം അവർ യുദ്ധത്തെ എല്ലാ അർഥത്തിലും വീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്തുകൊണ്ടിരുന്നു. അവരുടെ സഹോദരപുത്രൻകൂടിയായ മുഹമ്മദ് നബി ﷺ യാണല്ലോ യുദ്ധം നയിച്ചുകൊണ്ടിരുന്നത്. അവരുടെ സഹോദരൻ ഹംസ ﵁, മകൻ സുബൈർ ബിൻ അവ്വാം ﵁ എന്നിവർ യുദ്ധനിരയിൽ മുമ്പിൽത്തന്നെ നിലക്കൊള്ളുന്നവരും.

അതിനൊക്കെ അപ്പുറം താനടക്കം എല്ലാവരും വിശ്വസിച്ചിരിക്കുന്ന ആദർശത്തിന്റെ, ഇസ്‌ലാമിന്റെ നിലനിൽപ്പിനാണല്ലോ ഈ പോരാട്ടം. അതിനുവേണ്ടിയായിരുന്നല്ലോ മക്ക വിട്ട് അവർ ഹിജ്റ ചെയ്തത്. ആ സ്വർഗ വഴിയിലാണല്ലോ ക്ഷമയോടെ അവർ കാത്തിരിക്കുന്നതും.

യുദ്ധത്തിനിടയിൽ റസൂലിന്റെ അടുക്കൽ പടയാളികളുടെ എണ്ണം വളരെ കുറവായ നിലയിലും മുശ്‌രിക്കുകളാവട്ടെ സർവ സന്നാഹങ്ങളുമുപയോഗിച്ച് റസൂലിനെ നേരിട്ട് ആക്രമിക്കാൻ ഒരുങ്ങുന്നതും അവർ കണ്ടു. അവരുടെ ധൈര്യവും സ്ഥൈര്യവും ഉണർന്നു, ആക്രമിക്കപ്പെട്ട ഒരു പെൺസിംഹത്തിന്റെ കരുത്തോടെ അവർ ചാടിയിറങ്ങി. പരിക്കേറ്റ ഒരു പടയാളിയിൽനിന്ന് ആയുധങ്ങൾ എടുത്ത് യുദ്ധനിരയിലേക്ക് അവർ കുതിച്ചു, തന്റെ കുതിരയെ ശക്തമായി മുന്നോട്ടു നയിച്ച് മുസ്‌ലിം സൈനികരോട് അവർ ആക്രോശിച്ചു: 'നിങ്ങൾ അല്ലാഹുവിന്റെ ദൂതനെ പരാജയപ്പെടുത്താൻ സമ്മതിച്ചുകൊടുക്കുകയാണോ?'

അവർ മുന്നോട്ട് നീങ്ങുന്നത് കണ്ട പ്രവാചകൻ ആശങ്കപ്പെട്ടു. കാരണം അവരുടെ സഹോദരൻ കൂടിയായ തന്റെ പിതൃവ്യൻ ഹംസ ﵁ കരളടക്കം പിച്ചിച്ചീന്തപ്പെട്ട് കിടക്കുന്ന യുദ്ധ ഭൂമിയാണ്. സുബൈറി ﵁നോട് നബി ﷺ ആഗ്യം കാണിച്ചു... 'സുബൈർ, ഉമ്മ... സുബൈർ, ഉമ്മ...!'

സുബൈർ ﵁ ഉമ്മയെ ഉച്ചത്തിൽ വിളിച്ചു: 'ഉമ്മാ... ഉമ്മാ...!' അവർ പ്രതികരിച്ചത് 'അങ്ങോട്ട് മാറി നിൽക്ക്, നിനക്ക് ഉമ്മയില്ലെന്ന് കരുതിക്കോ' എന്നായിരുന്നു!

മകൻ ഉമ്മയോട് വിളിച്ചു പറഞ്ഞു: 'ഉമ്മാ! നബി ഉമ്മയോട് മടങ്ങിവരാൻ പറയുന്നു.'

അവർ ചോദിച്ചു: 'എന്തിന്? ഞാനറിഞ്ഞിട്ടുണ്ട് എന്റെ സഹോദരനടക്കം മരിച്ച്, അംഗഭംഗം സംഭവിച്ച് കിടക്കുന്നുണ്ടെന്ന്. അതാകട്ടെ അല്ലാഹുവിന്റെ മാർഗത്തിലാണ്.'

ഇത് കേട്ട റസൂൽ ﷺ പറഞ്ഞു: 'സുബൈർ, അവരെ സ്വതന്ത്രമായി വിടുക.'

സുബൈർ ﵁ ആ ഉദ്യമത്തിൽനിന്നും പിന്തിരിഞ്ഞു.

യുദ്ധം കഴിഞ്ഞു. യുദ്ധത്തിന്റെ കെടുതികൾ അവർക്ക് മുന്നിൽ ദൃശ്യമായപ്പോൾ തന്റെ സഹോദരൻ, ഇസ്‌ലാമിന്റെ മുന്നണിപ്പോരാളി, അല്ലാഹുവിന്റെ സിംഹം എന്നറിയപ്പെട്ട ഹംസ ﵁യുടെ മൃതദേഹം അവർ കണ്ടു. അത് എല്ലാ യുദ്ധനിയമങ്ങളും അതിലംഘിച്ചവിധം വയർ പിളർന്നതും, കരൾ കടിച്ചുതുപ്പിയതും, മൂക്കും ചെവിയും അരിഞ്ഞെ



ടുത്തതും, മുഖം വികൃതമാക്കപ്പെട്ടതുമായിരുന്നു.

സഹോദരനുവേണ്ടി അല്ലാഹുവിനോട് പൊറുക്കലിനെതേടി ആ മഹതി പറഞ്ഞു: 'ഇതൊക്കെ അല്ലാഹുവിന്റെ മാർഗത്തിലുള്ളതാണ്. ഞാൻ അവന്റെ വിധിയിൽ തൃപ്തിപ്പെടുന്നു, കടിച്ചമർത്താനാകാത്ത വേദനയനുഭവിക്കുന്നുണ്ടെങ്കിലും അല്ലാഹുവിന്റെ മാർഗത്തിൽ ഞാൻ ക്ഷമയോടെ നിലകൊള്ളും; ഇൻശാ അല്ലാഹ്.'

എന്നാൽ ഖന്തക്ക് യുദ്ധവേളയിൽ സ്വഫിയ്യയുടെ ധൈര്യം ഇസ്‌ലാമിക ലോകം വീണ്ടും ശ്രദ്ധിച്ചു. സാധാരണഗതിയിൽ യുദ്ധസമയത്ത് നബിﷺ സ്ത്രീകളെയും കുട്ടികളെയും കോട്ടക്കുള്ളിൽ പാർപ്പിച്ച് അവർക്ക് പരമാവധി സംരക്ഷണം കിട്ടുന്ന രീതിയാണ് സ്വീകരിച്ചിരുന്നത്. ഖന്തഖ് യുദ്ധത്തിനൊരുങ്ങുമ്പോൾ ഇപ്രകാരം തന്റെ ഭാര്യമാരെയും കുടുംബാംഗങ്ങളെയും മുസ്‌ലിം സഹോദരിമാരെയും ഹസ്സാൻ ബിൻ ഥാബിത്തിؓന്റെ നിയന്ത്രണത്തിലുള്ള ഒരു കോട്ടക്കുള്ളിലാണ് സംരക്ഷണ കവചമൊരുക്കിയത്. ആ കോട്ട സുഭദ്രവും പെട്ടെന്ന് തകർക്കാനാവാത്തതുമായിരുന്നു

ഖന്തഖിലെ വലിയ വാരിക്കുഴികൾക്കപ്പുറത്ത് മുസ്‌ലിം സൈന്യം ശത്രുക്കളെ പ്രതീക്ഷിച്ചിരുന്നപ്പോൾ അവർ കോട്ടയിൽനിന്നും അവിടെയുള്ള ആളുകളിൽനിന്നും അശ്രദ്ധരായി. ഈ സമയത്താണ് സ്വഫിയ്യؓയുടെ അസാമാന്യധൈര്യവും നേതൃശേഷിയും പ്രകടമായത്. പുലർച്ച മുതൽ ആ കോട്ടയുടെ  സംരക്ഷണം തീർത്ത് അവർ ജാഗരൂകയായി നിലകൊണ്ടു.

ഇതിനിടയിലാണ് ഒരു ജൂതൻ ചാരപ്പണിക്കായി കോട്ടക്ക് ചുറ്റും കറങ്ങുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടത്. അവർക്ക് അതൊരു ചാരനാണെന്നും സ്ത്രീകൾ മാത്രമാണോ ഉള്ളിലുള്ളത്, അതല്ല അവർക്ക് സംരക്ഷണം നൽകാൻ വല്ലവരുമുണ്ടോ എന്നറിയാനാണ് അയാളുടെ കറക്കമെന്നും മനസ്സിലായി. അപ്പോൾ സ്വഫിയ്യؓ ആത്മഗതം ചെയ്തു. 'ഇതാ, ബനൂഖുറൈള ഗോത്രം നബിയുമായുണ്ടാക്കിയ കരാർ ലംഘിച്ചിരിക്കുന്നു. അവർ ശത്രുപക്ഷത്തെ, അഥവാ ഖുറൈശികളെയും സഖ്യകക്ഷികളെയും സഹായിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നു. ഇവിടെയാകട്ടെ മുസ്‌ലിം സൈന്യത്തിന്റെ സാന്നിധ്യമില്ലതാനും. മുസ്‌ലിം സൈന്യം ഖന്തഖ് ഭാഗത്ത് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന സമയം, അവിടെ ശത്രുക്കളുടെ ആക്രമണം ഏത് സമയത്തും തുടങ്ങാനുമിടയുണ്ട്...'

ശത്രുക്കളെ സഹായിക്കാനായി ജൂതന്മാർ മുസ്‌ലിം സ്ത്രീകളെയും കുട്ടികളെയും തടവിലാക്കാനിടയുണ്ടെന്ന് തിരിച്ചറിഞ്ഞ അവർ തന്റെ മുഖമക്കന തലവഴി ചുറ്റിപ്പൊതിഞ്ഞ് അതിന്റെ അറ്റം വസ്ത്രത്തിനുള്ളിലേക്ക് ഇട്ടു. തുടർന്ന് മധ്യഭാഗത്ത്

> **യുദ്ധത്തിനിടയിൽ റസൂലിന്റെ അടുക്കൽ പടയാളികളുടെ എണ്ണം വളരെ കുറവായ നിലയിലും മുശ്‌രിക്കുകളാവട്ടെ സർവ സന്നാഹങ്ങളുമുപയോഗിച്ച് റസൂലിനെ നേരിട്ട് ആക്രമിക്കാൻ ഒരുങ്ങുന്നതും അവർ കണ്ടു. അവരുടെ ധൈര്യവും സ്ഥൈര്യവും ഉണർന്നു, ആക്രമിക്കപ്പെട്ട ഒരു പെൺസിംഹത്തിന്റെ കരുത്തോടെ അവർ ചാടിയിറങ്ങി. പരിക്കേറ്റ ഒരു പടയാളിയിൽ നിന്ന് ആയുധങ്ങൾ എടുത്ത് യുദ്ധനിരയിലേക്ക് അവർ കുതിച്ചു, തന്റെ കുതിരയെ ശക്തമായി മുന്നോട്ടു നയിച്ച് മുസ്‌ലിം സൈനികരോട് അവർ ആക്രോശിച്ചു: 'നിങ്ങൾ അല്ലാഹുവിന്റെ ദൂതനെ പരാജയപ്പെടുത്താൻ സമ്മതിച്ചുകൊടുക്കുകയാണോ?'**

ഒരു കെട്ടും കെട്ടി ഒരു തടിക്കഷ്ണം ചുമലിലേറ്റി കോട്ട വാതിലിലേക്ക് ഇറങ്ങി. വളരെ പതിയെ കോട്ട വാതിൽ തുറന്ന് ശത്രുവിന്റെ ശ്രദ്ധയിൽ പതിയാതെ തനിക്ക് ആക്രമണത്തിന് പറ്റിയ ഒരു സ്ഥലത്ത് കയറിനിന്നു

ശത്രു കൃത്യസ്ഥലത്ത് എത്തിയപ്പോൾ ഒട്ടും മനോബലം ചോരാതെ ആ തടിക്കഷ്ണം അയാളുടെ തലയിലിട്ടു. ആ ഒറ്റ ആക്രമണത്തിൽ തന്നെ അയാളുടെ കഥ കഴിച്ചു. രണ്ടും മൂന്നും തവണ അയാളെ അടിച്ച് മരണം ഉറപ്പുവരുത്തി.

തുടർന്ന് അയാളുടെ തലയറുത്തെടുത്ത് കോട്ടക്ക് മുകളിൽ പ്രദർശിപ്പിച്ചു. തങ്ങളുടെ കൂട്ടുകാരന്റെ തല കോട്ടക്ക് മുകളിൽ കണ്ടപ്പോൾ ജൂതർ പകച്ചുപോവുകയും മുഹമ്മദ് തന്റെ സ്ത്രീകളെ സംരക്ഷകരില്ലാതെ നിർത്തിപ്പോകുമെന്നാണോ നിങ്ങൾ ധരിച്ചിരിക്കുന്നത് എന്ന് പറഞ്ഞ് പരസ്പരം പഴിചാരുകയും ചെയ്തു.

ഈ ആത്മ ധൈര്യത്തിന്റെ, ഈ ക്ഷമയുടെ, ഈ മഹിതമായ പാരമ്പര്യത്തിന്റെ പേരാണ് സ്വഫിയ്യؓ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവർ സ്റ്റോറി




# മുഹമ്മദ് നബിﷺ: മാനവതയുടെ വഴികാട്ടി

**ലോകത്തിന് കാരുണ്യമായിക്കൊണ്ട് കടന്നുവന്ന അന്ത്യപ്രവാചകനാണ് മുഹമ്മദ് നബിﷺ. മനുഷ്യരിൽ ഏറ്റവുമധികം ആളുകൾ അനുധാവനം ചെയ്യുന്ന വ്യക്തിത്വത്തിന്റെ ഉടമ കൂടിയായ അദ്ദേഹത്തെ മാതൃകയാക്കി നിരവധി പേർ വിശ്വാസം ക്രമപ്പെടുത്തുന്നു. അപ്പോഴും നബിസ്നേഹത്തിന്റെ പേരിൽ അനുയായികളിൽ വലിയൊരു വിഭാഗം ചെയ്തുകൊണ്ടിരിക്കുന്നതെന്താണ്?!**

**ലോ**കത്ത് ഏറ്റവും കൂടുതൽ ആളുകൾ ഒരു വ്യക്തിയെ അനുസരിക്കുകയും ആ വ്യക്തിയുടെ ജീവിതപാത പിൻപറ്റുകയും ചെയ്യുന്നുണ്ടെങ്കിൽ അത് മുഹമ്മദ് നബിﷺയാണെന്നതിൽ സംശയമില്ല. ചരിത്രത്തിന്റെ വെള്ളിവെളിച്ചത്തിൽ ജീവിച്ച നബിﷺയുടെ ജീവിതം കാലം കഴിയുന്തോറും കൂടുതൽ കൂടുതൽ

പ്രശോഭിതമായിക്കൊണ്ടിരിക്കുകയാണ്. തുല്യത യില്ലാത്ത ആ തെളിമയാർന്ന ജീവിതത്തിൽ ആ കൃഷ്ടരായി അദ്ദേഹത്തിന്റെ പാത പിൻപറ്റാൻ ആളുകൾ മുന്നോട്ടുവന്നുകൊണ്ടേയിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇസ്‌ലാം വിമർശകർ അദ്ദേ ഹത്തെ അനാവശ്യമായി വിമർശിക്കുവാനും ദു രാരോപണങ്ങൾ ഉന്നയിക്കുവാനും അദ്ദേഹത്തെ ഇകഴ്ത്തിക്കാണിക്കുവാനും മത്സരിച്ചുകൊണ്ടിരി ക്കുകയും ചെയ്യുന്നു.

ചരിത്രത്തിൽ പ്രവാചകനെ വിമർശിച്ചവരും പ്ര വാചക ജീവിതം പഠിച്ചറിഞ്ഞ് അദ്ദേഹത്തിന്റെ പ്ര ഭാവം തിരിച്ചറിഞ്ഞവരും അത് ലോകത്തോട് വി ളിച്ചു പറഞ്ഞവരും എമ്പാടുമുണ്ടായിട്ടുണ്ട്. ഏതാ നും പ്രഗത്ഭർ മുഹമ്മദ് നബിﷺയെക്കുറിച്ച് നട ത്തിയ വിലയിരുത്തൽ വിക്കീപീഡിയ വിശദീക രിക്കുന്നത് കാണുക:

“ചരിത്രം അദ്ദേഹത്തിന്റെ ജീവിതകാലം മു തൽ തന്നെ എഴുതപ്പെട്ടു തുടങ്ങിയിരുന്നു. അദ്ദേ ഹത്തിന്റെ ജീവിതത്തിന്റെ എല്ലാ അർഥത്തിലു മുള്ള വിശദാംശങ്ങൾ ഹദീഥുകളിൽ രേഖപ്പെടു ത്തപ്പെട്ടുവന്നു. അത് പക്ഷേ, ചരിത്രരചന എന്ന രീതിയിലായിരുന്നില്ലെന്ന് മാത്രം. നബിചര്യയുടെ രേഖപ്പെടുത്തൽ എന്ന നിലയിലായിരുന്നു അത്.

എന്നാൽ പിൽക്കാലത്ത് വന്ന പണ്ഡിതന്മാർ മുഹമ്മദ് നബിയുടെ ചരിത്രം ഹദീഥുകളിൽനിന്ന് ക്രോഡീകരിച്ച് രേഖപ്പെടുത്തുകയുണ്ടായി. ഇവ യിൽ നബിയുടെ ജീവിതത്തിന്റെ എല്ലാ വിധത്തി ലുള്ള വിശദാംശങ്ങളും രേഖപ്പെടുത്തപ്പെടുകയു ണ്ടായി. ആദ്യകാലത്ത് ഇസ്‌ലാം വിശ്വാസികളു ടെ വീക്ഷണകോണിൽ നിന്നുള്ള രചനകൾ മാ ത്രമെ കണ്ടുവന്നിരുന്നുള്ളൂ. ആധുനിക ചരിത്ര രചനയുടെ ആരംഭം മുതൽ ഇസ്‌ലാമിനെയും പൗ രസ്ത്യ ലോകത്തെയും പറ്റി പഠിക്കാൻ വേണ്ടി ഓറിയന്റലിസം എന്ന ശാഖ തന്നെ ഉൽഭവിക്കു കയുണ്ടായി. കുരിശുയുദ്ധങ്ങളുടെ സ്വാധീനം കാ രണം ആദ്യകാലങ്ങളിലെ ചരിത്രങ്ങളിൽ മുഹമ്മദ് നബിയുടെ ജീവിതത്തെ തെറ്റായി ചിത്രീകരിക്കു ന്ന പ്രവണത ശക്തമായിരുന്നു. ഇങ്ങനെ തെറ്റാ യി ചിത്രീകരിക്കുന്നതിന്റെ കാരണങ്ങളെ ചില പ ശ്ചാത്യ പണ്ഡിതർ വിശകലനം ചെയ്തിട്ടുണ്ട്. അ മേരിക്കയിലെ ജോർജ് ടൗൺ യൂണിവേഴ്സിറ്റിയി ലെ മുസ്‌ലിം ക്രിസ്ത്യൻ അണ്ടർസ്റ്റാൻറിംഗിന്റെ ഡയറക്ടറായ ജോൺ എൽ.എസ്പോസിറ്റോ രചി ച്ച ‘ഇസ്‌ലാം നേർവഴി’ (Islam The straight path) എന്ന കൃതി ഈ പ്രവണതകളെക്കുറിച്ച് സവിശ ദം പ്രതിപാദിക്കുന്നുണ്ട്. ക്രിസ്ത്യൻ ലോകവുമാ യും ജൂത സമൂഹവുമായും ഇസ്‌ലാമിനുള്ള ചരി ത്രപരമായ മത-രാഷ്ട്രീയ ബന്ധം എക്കാലത്തും ശക്തമായിരുന്നുവെന്നും അത് തെറ്റിദ്ധാരണകൾക്കും സംഘട്ടനങ്ങൾക്കും വഴിവെച്ചിട്ടുണ്ടെന്നുമാണ് എ സ്പോസിറ്റോ നിരീക്ഷിക്കുന്നത്. ഈ ധാരണകളുടെ പശ്ചാത്തലത്തിലാണ് നബി പലപ്പോഴും വിലയിരുത്തപ്പെടു ന്നത്. ഇതിൽ നിന്ന് മുക്തമായ പഠന ങ്ങളും പശ്ചാത്യ ചരിത്രകാരന്മാരുടെ രചനകളിൽ ഉണ്ട്.

### തോമസ് കാർലൈൽ

പത്തൊൻപതാം നൂറ്റാണ്ടിൽ ചരി ത്രം സൃഷ്ടിച്ച യുഗപുരുഷന്മാരെപ്പറ്റി ഇംഗ്ലീഷ് ചരിത്രകാരനായ തോമസ് കാർലൈൽ നടത്തിയ പഠനത്തിൽ മു ഹമ്മദ് നബിക്ക് നൽകിയ ഉന്നതസ്ഥാ നമാണ് പാശ്ചാത്യ ലോകത്ത് നബി പഠനങ്ങളിൽ ദിശാമാറ്റം സൃഷ്ടിച്ചത്. 1841ൽ പ്രസിദ്ധപ്പെടുത്തിയ ‘ഓൺ ഹീറോസ്, ഹീറോ വർഷിപ്പ് ആൻഡ് ദി ഹീറോയിക്ക് ഇൻ ഹിസ്റ്ററി’ എന്ന ഗ്രന്ഥത്തിലാണ് നബിയെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നത്. ചരിത്രത്തിലെ ധീ രനായകരെ കണ്ടെത്തുകയാണദ്ദേ ഹം. പ്രവാചകരുടെ കൂട്ടത്തിൽ മുഹ മ്മദിന്നാണ് അദ്ദേഹം ഒന്നാം സ്ഥാനം നൽകുന്നത്. ‘സൂത്രശാലിയായ കപ ടൻ,’ ‘അസത്യത്തിന്റെ മൂർത്തി’ തുട ങ്ങി നബിയുടെമേൽ ചാർത്തപ്പെട്ട ഇ

> **മുഹമ്മദ് നബിയുടെ ചരിത്രം പണ്ഡിതന്മാർ ഹദീഥുകളിൽനിന്ന് ക്രോഡീകരിച്ച് രേഖപ്പെടു ത്തുകയുണ്ടായി. ഇവയിൽ നബിയുടെ ജീവി തത്തിന്റെ എല്ലാ വിധത്തിലുള്ള വിശദാംശങ്ങ ളും രേഖപ്പെടുത്തപ്പെടുകയുണ്ടായി. ആദ്യകാല ത്ത് ഇസ്‌ലാം വിശ്വാസികളുടെ വീക്ഷണകോ ണിൽ നിന്നുള്ള രചനകൾ മാത്രമെ കണ്ടുവന്നി രുന്നുള്ളൂ. ആധുനിക ചരിത്ര രചനയുടെ ആ രംഭം മുതൽ ഇസ്‌ലാമിനെയും പൗരസ്ത്യ ലോ കത്തെയും പറ്റി പഠിക്കാൻ വേണ്ടി ഓറിയന്റലി സം എന്ന ശാഖ തന്നെ ഉൽഭവിക്കുകയുണ്ടായി. കുരിശുയുദ്ധങ്ങളുടെ സ്വാധീനം കാരണം ആ ദ്യകാലങ്ങളിലെ ചരിത്രങ്ങളിൽ മുഹമ്മദ് നബി യുടെ ജീവിതത്തെ തെറ്റായി ചിത്രീകരിക്കുന്ന പ്രവണത ശക്തമായിരുന്നു.**

രുണ്ട പ്രതിഛായയെ കാർലൈൽ തകർക്കുകയും നാട്യങ്ങൾ തീരെയില്ലാത്ത ആൾ എന്ന നിലയിലുള്ള അസ്തിത്വം അദ്ദേഹത്തിന്നു നൽകുകയും ചെയ്യുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാനാവാത്ത അത്ഭുതമായാണ് കാർലൈൽ നബിയെ വിശേഷിപ്പിക്കുന്നത്. എല്ലാ അർഥത്തിലും മരുഭൂമിയുടെ പുത്രൻ എന്ന് പറയാവുന്ന ഒരു സാധാരണ മനുഷ്യനാണ് കാർലൈലിന്റെ വീക്ഷണത്തിലെ നബി. പ്രവാചകനെ നിഷ്പക്ഷമായി വിലയിരുത്താനുള്ള ശ്രമങ്ങൾ പിന്നീട് നടന്നു.

പ്രവാചക ജീവിതത്തെ വിമർശനാത്മകമായി വിലയിരുത്തുന്നതിലൂടെ ഇസ്‌ലാമിന്റെ ദൗത്യത്തെത്തന്നെ പഠനവിധേയമാക്കുന്ന ഓറിയൻറലിസ്റ്റ് രചനകൾ ധാരാളം കാണാം. നബിയുടെ ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശവുമെന്ന് ഈ പഠനങ്ങൾ എടുത്തുകാട്ടുന്നു. സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം അറേബ്യയിലെ പ്രാകൃത മൂല്യങ്ങളെ നിരാകരിച്ചു. ഈ യത്‌നത്തിൽ അദ്ദേഹം ആദ്യം ചെയ്തത് ആറാം നൂറ്റാണ്ടിലെ അറേബ്യയിൽ നിലനിന്നിരുന്ന ദൈവ സങ്കൽപം പൊളിച്ചെഴുതുകയാണ്. ബഹുദൈവ വിശ്വാസികളായിരുന്നു അറബികൾ. നബി അവരെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും രക്ഷിതാവുമായ ഏകദൈവത്തെക്കുറിച്ചു പഠിപ്പിച്ചു. ഏകനും അതുല്യനുമായ ഈ ദൈവം മാത്രമാണ് ആരാധനക്ക് അർഹനെന്നും മനുഷ്യർ ദൈവത്തിന്റെ വിനീത ദാസന്മാരാണെന്നുമുള്ള ആശയത്തിലൂടെ, ചില നിയന്ത്രണങ്ങൾക്കും പെരുമാറ്റ സംഹിതകൾക്കും വിധേയരാണ് മനുഷ്യർ എന്നു സ്ഥാപിക്കുകയാണ് നബി ചെയ്തത്. അതോടെ ദൈവസങ്കൽപം ജീവിത രീതിയെ നിയന്ത്രിക്കുന്ന ഘടകംകൂടി ആയിത്തീർന്നു. ദൈവത്തെക്കുറിച്ച് നിലനിൽക്കുന്ന പ്രാകൃതവും അശാസ്ത്രീയവുമായ സങ്കൽപങ്ങൾ തിരുത്തുകയാണ് മുഹമ്മദ്ﷺ ചെയ്തത്. ഈ തിരുത്തലിലൂടെ മനുഷ്യരുടെ ജീവിതത്തിനും തിരുത്തലുകളുണ്ടായി. വില്യം മൂർ 'ലൈഫ് ഓഫ് മുഹമ്മദി'ൽ നബിയെ വിലയിരുത്തുന്നത് ഈ അർഥത്തിലാണ്. ദൈവത്തിന്റെയും മനുഷ്യരുടേയുമിടയിലെ മതിൽക്കെട്ടുകൾ തകർത്ത വ്യക്തി എന്ന നിലയിലാണ് മുഹമ്മദ് നബിക്ക് മൂർ കൽപിച്ചു നൽകിയ പ്രസക്തി. Western Awakening of Islam എന്ന കൃതിയിൽ ലോർഡ് ഹെഡ്‌ലി നബിക്ക് നൽകുന്ന സ്ഥാനവും ഇതേ അർഥത്തിൽ തന്നെ. സരളമായ രീതികളിലൂടെ വിശ്വാസിക്ക് ദൈവമാർഗത്തിലുള്ള തടസ്സങ്ങൾ നീക്കിക്കൊടുത്തതാണ് മുഹമ്മദിന്റെ പാഠങ്ങളിലെ ഉദാത്തമായ സന്ദേശമെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

## ബർണാർഡ് ഷാ

പ്രശസ്ത നാടകകൃത്തായ ജോർജ് ബർണാർഡ്ഷാ മുഹമ്മദ് നബിയെ വിലയിരുത്തുന്നതും അദ്ദേഹം പ്രചരിപ്പിച്ച മതത്തിന്റെ ചൈതന്യത്തിന്റെ പശ്ചാത്തലത്തിലാണ് (The Genuine Islam). നബി ബർണാർഡ്ഷാക്ക് ഒരത്ഭുത മനുഷ്യനായിരുന്നു. അദ്ദേഹത്തെ മനുഷ്യവംശത്തിന്റെ മോചകനായി പരിഗണിക്കണമെന്നാണ് ഷായുടെ അഭിപ്രായം. ഷാ ഇത്രകൂടിപ്പറഞ്ഞു: 'അദ്ദേഹത്തെപ്പോലെയുള്ള ഒരാൾ ആധുനിക ലോകത്തിന്റെ സമസ്താധികാരങ്ങളും ഏറ്റെടുത്താൽ നമുക്ക് ഏറ്റവും ആവശ്യമായ സമാധാനവും സന്തോഷവും നിലനിൽക്കുന്ന തരത്തിൽ ലോകത്തിലെ എല്ലാ പ്രശ്നങ്ങളും വിജയപൂർവം കൈകാര്യം ചെയ്യപ്പെട്ടേനെ.' നബിയെ അദ്ദേഹത്തിന്റെ മതസത്തയിൽനിന്ന് വേർതിരിച്ചു നിർത്തിയല്ല ബർണാർഡ്ഷാ ദർശിച്ചത്; മതത്തിൽനിന്ന് വേറിട്ട് നബിക്ക് മറ്റൊരസ്തിത്വം അദ്ദേഹം കൽപിക്കുന്നില്ല.

## മൈക്കൾ എച്ച് ഹാർട്ട്

മനുഷ്യചരിത്രത്തെ സ്വാധീനിച്ച നൂറു പ്രമുഖ വ്യക്തികളെപ്പറ്റിയുള്ള പഠനങ്ങളുടെ സമാഹാരമാണ് മൈക്കൾ എച്ച് ഹാർട്ടിന്റെ 'നൂറു പേർ: ചരിത്രത്തെ ഏറ്റവും സ്വാധീനിച്ചവരുടെ ക്രമം' (The Hundred A ranking of the most influential persons in History) എന്ന കൃതി. മുഹമ്മദ് നബിക്കാണ് ഇദ്ദേഹം ഒന്നാം സ്ഥാനം നൽകുന്നത്. മുഹമ്മദ് നബിയെക്കുറിച്ച് മൈക്കൾ ഹാർട്ട് പറയുന്നത് മതകാര്യങ്ങളിലെന്ന പോലെ ലൗകിക കാര്യങ്ങളിലും അദ്ദേഹം നേതാവാണെന്നാണ്. മുഹമ്മദ് എന്ന രാഷ്ട്രീയ നേതാവിനെയും മുഹമ്മദ് എന്ന മതതത്ത്വജ്ഞനെയും അദ്ദേഹം ഒരേ ബിന്ദുവിൽ കൂട്ടിയിണക്കുന്നു. ഇസ്‌ലാമിക സദാചാര പാഠങ്ങൾക്കെന്നപോലെ ദൈവശാസ്ത്രത്തിനും രൂപം നൽകിയത് മുഹമ്മദ് നബിയാണ്. അനുഷ്ഠാനങ്ങൾ പോലും നബി ക്രമപ്പെടുത്തി. നബിയുടെ ജീവിതം തന്നെയാണ് ഇസ്‌ലാമിന്റെ പാഠം എന്നാണ് ഹാർട്ടിന്റെ ഭാഷ്യം.

### കാരൻ ആംസ്ട്രോങ്ങ്

കാരൻ ആംസ്ട്രോങ്ങിന്റെ ഝൗവമാലഠ മ ം ലലേെ്യി മലോു ഭീ ൗിഠല്യമേിഠ കഹമൊ എന്ന കൃതിയിൽ മുഹമ്മദ് നബിയെ പാശ്ചാത്യ ലോകത്തിന്റെ ശത്രുതാപരമായ നിലപാടുകളുടെ പശ്ചാത്തലത്തിലാണ് വിലയിരുത്തുന്നത്. റോമൻ കത്തോലിക്കാ സഭാംഗമായ കന്യാസ്ത്രീ ആയിരുന്നു കാരൻ. ഇസ്‌ലാമിന്നെതിരായ മുൻവിധികൾക്ക് നബിയെക്കുറിച്ചുള്ള അവാസ്തവ പ്രചാരണങ്ങൾ വഴിവെച്ചുവെന്ന് അവർ സമർഥിക്കുന്നു.

### ഗിബ്ബൺ

എച്ച്.എ.ആർ ഗിബ്ബന്റെ 'ഇസ്‌ലാം എ ഹിസ്റ്റോറിക്കൽ സർവേ' എന്ന കൃതിയിലെ നബിയെക്കുറിച്ചുള്ള അധ്യായം പണ്ഡിതോചിതമായ പഠനമാണ്. മുഹമ്മദ് നബിയെന്ന മനുഷ്യനാണ് ഈ പഠനത്തിൽ തെളിഞ്ഞു നിൽക്കുന്നത്. ഈ മനുഷ്യന് രണ്ടു മുഖങ്ങളുണ്ട്. ഒരു അറബ് ഗോത്ര വംശജന്റെ മുഖവും രാഷ്ട്ര നേതാവിന്റെ മുഖവും. അറബ് സമൂഹത്തിന്റെ മനഃശാസ്ത്രവും സാഹചര്യങ്ങളും നബിയെ ഏതൊക്കെ തരത്തിൽ പരുവപ്പെടുത്തി എന്നതിനെക്കുറിച്ച് ഗിബ്ബൺ പരിശോധിക്കുന്നു. നബിയെ സാമൂഹ്യശാസ്ത്ര പഠനത്തിന് വിധേയമാക്കുകയാണ് ഗ്രന്ഥകാരനെന്ന് പറയാം. അദ്ദേഹം സമർഥിക്കുന്നത് നബിയുടെ അടിസ്ഥാന ലക്ഷ്യം മതപരമായിരുന്നു എന്നാണ്. ഖുറൈശികൾക്കെതിരായി നബി നടത്തിയ യുദ്ധങ്ങൾക്കു കാരണം ഗോത്ര വർഗങ്ങൾക്ക് സഹജമായ യുദ്ധവാസനയല്ല, മതപരമായ ദൗത്യപൂർത്തീകരണമായിരുന്നുവെന്ന് പറയാൻ ഗിബ്ബണിന്ന് മടിയില്ല. എന്നാൽ രാഷ്ട്രീയവും നയതന്ത്രവും ആവശ്യമായ സന്ദർഭങ്ങളിൽ നബി ഉപയോഗപ്പെടുത്തുകയും ചെയ്തു. പക്ഷപാതങ്ങളില്ലാത്ത പണ്ഡിതോചിത സമീപനമാണ് ഗിബ്ബണിന്റെത്. സ്വൂഫിസത്തിൽ ആകൃഷ്ടനായ ഫ്രിത്ജോഫ് ഷുവോൻ, ഇസ്‌ലാമിന്റെ സൗന്ദര്യസങ്കൽപങ്ങളിൽ താൽപര്യം കാണിച്ച മാർട്ടിൻ ലിംഗ്സ് തുടങ്ങിയവർ വ്യത്യസ്ത രീതിയിൽ പ്രവാചകനെ കാണുന്നു. 'സ്ട്രഗ്ൾ റ്റു സറണ്ടർ' എന്ന കൃതിയിൽ താൻ ഇസ്‌ലാമിൽ എത്തിച്ചേർന്നതെങ്ങനെ എന്ന അന്വേഷണ കഥ ജെഫ്റി ലാംഗ് വിവരിക്കുന്നു. ഈ കൃതിയിലെ 'റസൂലുല്ലാഹ്' എന്ന അധ്യായം നബിയെ ക്വുർആന്റെ വെളിച്ചത്തിൽ വിലയിരുത്താനുള്ള ശ്രമമാണ്.

### മാക്സിം റോഡിൻസൺ

ഈ പഠനങ്ങളിൽനിന്ന് വ്യത്യസ്തമാണ് മാക്സിം റോഡിൻസന്റെ 'മുഹമ്മദ്' എന്ന ഗ്രന്ഥം. നബിയുടെ ജീവിതത്തെയും സന്ദേശത്തെയും സാമൂഹ്യശാസ്ത്രത്തിന്റെയും രാഷ്ട്രീയ തത്ത്വദർശനങ്ങളുടെയും വെളിച്ചത്തിൽ റോഡിൻസൺ അപഗ്രഥിക്കുന്നു. ഇസ്‌ലാം മാർക്സിസത്തോട് അടുത്തു നിൽക്കുന്ന പ്രത്യയ ശാസ്ത്രമാണെന്നാണ് റോഡിൻസന്റെ കണ്ടെത്തൽ. റോഡിൻസന്റെ ഈ ഗ്രന്ഥം നബിയുടെ രാഷ്ട്രീയ ജീവിതത്തെപ്പറ്റിയുള്ള മികച്ച പഠനമാണ്. മുഹമ്മദ് എന്ന പ്രവാചകനെപ്പറ്റിയും മുഹമ്മദ് എന്ന വ്യക്തിയെപ്പറ്റിയും ഇപ്പോഴും ഒട്ടേറെ പഠനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു" (മലയാളം വിക്കിപീഡിയ).

> **പ്രവാചക ജീവിതത്തെ വിമർശനാത്മകമായി വിലയിരുത്തുന്നതിലൂടെ ഇസ്‌ലാമിന്റെ ദൗത്യത്തെത്തന്നെ പഠന വിധേയമാക്കുന്ന ഓറിയൻറലിസ്റ്റ് രചനകൾ ധാരാളം കാണാം. നബിയുടെ ജീവിതം തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്ദേശവുമെന്ന് ഈ പഠനങ്ങൾ എടുത്തുകാട്ടുന്നു. സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം അറേബ്യയിലെ പ്രാകൃത മൂല്യങ്ങളെ നിരാകരിച്ചു. ഈ യത്നത്തിൽ അദ്ദേഹം ആദ്യം ചെയ്തത് ആറാം നൂറ്റാണ്ടിലെ അറേബ്യയിൽ നിലനിന്നിരുന്ന ദൈവ സങ്കൽപം പൊളിച്ചെഴുതുകയാണ്. ബഹുദൈവ വിശ്വാസികളായിരുന്നു അറബികൾ. നബി അവരെ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും നിയന്താവും രക്ഷിതാവുമായ ഏകദൈവത്തെക്കുറിച്ചു പഠിപ്പിച്ചു.**

### അന്തിമദൂതൻ

മനുഷ്യരാശിയെ സൻമാർഗത്തിലേക്ക് നയിക്കുവാനും പാരത്രിക വിജയത്തിന്റെ പാത ലോകത്തിന് പഠിപ്പിച്ചുകൊടുക്കുവാനുമായി പ്രപഞ്ച സ്രഷ്ടാവ് കാലാകാലങ്ങളായി അയച്ചുകൊണ്ടിരുന്ന ദൂതൻമാരുടെ പരമ്പര അവസാനിക്കുന്നത് മുഹമ്മദ് നബിﷺയോടു കൂടിയാണ്. ദൈവിക മാർഗദർശനത്തിന്റെ ഏറ്റവും പൂർണമായ രൂപം മുഹമ്മദ് നബിﷺയിലൂടെ ലോകർക്ക് നൽകപ്പെട്ടു. ഇനി മനുഷ്യർക്ക് മാർഗദർശനത്തിനായി ഒരു ദൂതനും വരാനില്ല

എന്ന അടിസ്ഥാനപരവും സുപ്രധാനവുമായ അധ്യാപനം കൂടി മുഹമ്മദ് നബിﷺ യിലൂടെ നൽകപ്പെട്ടിരിക്കുന്നു.

മുഹമ്മദ് നബിﷺ അന്തിമദൂതനും പൂർണമായ ദൈവിക മാർഗദർശനത്തിന്റെ വാഹകനുമാണ് എന്ന സത്യം അംഗീകരിക്കുന്നവരും അംഗീകരിക്കുവാൻ തയാറാവാത്തവരും ലോകത്തുണ്ട്. ചിലർ വിശ്വസിക്കുന്നത് ഇനിയും പ്രവാചകന്മാർ വരും; മുഹമ്മദ് നബിക്ക് ശേഷം ദുതൻ വന്നിട്ടുമുണ്ട് എന്നാണ്. മറ്റുചിലരാവട്ടെ ഒരു ദൈവദൂതനാകുവാനുള്ള മഹത്ത്വമോ യോഗ്യതയോ അദ്ദേഹത്തിന് ഇല്ലെന്ന് പോലും പറയുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു. ഇതിനെല്ലാമുള്ള മറുപടിയും വിശദീകരണവും വിശുദ്ധ ക്വുർആനിൽ നൽകപ്പെട്ടിട്ടുണ്ട്. ഒട്ടേറെ ഗ്രന്ഥങ്ങൾ ഈ വിഷയത്തിൽ വിവിധഭാഷകളിൽ വിരചിതമാവുകയും ചെയ്തിട്ടുണ്ട്.

മുഹമ്മദ് നബിﷺയെ അവസാനത്തെ ദൈവദൂദനായി അംഗീകരിക്കേണ്ടത് ഇസ്‌ലാമികാദർശം പിന്തുടരുവാൻ ഉദ്ദേശിക്കുന്നവന്റെ കടമയാണ്. അദ്ദേഹത്തിനുശേഷം ദൈവദൂതൻ വന്നിട്ടുണ്ടെന്നും ഇനിയും ഒന്നോ ഒന്നിലധികം ദൂതൻമാരോ വരാനുണ്ട് എന്നും വിശ്വസിച്ചുകൊണ്ട് ഒരാൾക്ക് മുഹമ്മദ് നബിﷺയിലൂടെ ലഭിച്ച ദൈവിക മാർഗദർശനത്തിന്റെ അവകാശിയായിത്തീരാൻ കഴിയില്ല എന്ന വസ്തുത യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധത്തിൽ ക്വുർആൻ വ്യക്തമാക്കിയിട്ടുള്ളതാണ്:

“മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ആരുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതുകാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു” (ക്വുർആൻ 33:40).

അവസാനത്തെ എന്നുള്ളതിന് ക്വുർആനിലുള്ള പദം ‘ഖാതം’ എന്നാണ്. അതിന്റെ അർഥം ‘മുദ്ര’ എന്നാണെന്നും അങ്ങനെ വരുമ്പോൾ ‘പ്രവാചകൻമാരുടെ മുദ്ര’ എന്നാണ് ശരിയായ അർഥമെന്നും ‘അവസാനത്തെ പ്രവാചകൻ’ എന്നു പറയാൻ പാടില്ലെന്നും ഇനിയും നബിമാർ വരും എന്ന ആശയത്തിന്റെ വക്താക്കൾ വ്യാഖ്യാനിച്ചുവരുന്നു. യാതൊന്നും ഉള്ളിലേക്ക് കടക്കാത്ത നിലക്ക് സംരക്ഷിക്കുന്നതിന് മുദ്രവെച്ചു എന്നു പറയാറുണ്ട്. മുഹമ്മദ് നബിﷺ പ്രവാകൻമാരുടെ മുദ്രയാണെന്നു പറഞ്ഞാൽ അതിന്റെ അർഥം ഇനിയൊരു നബിയും വരാനില്ല എന്നുതന്നെയല്ലേ അർഥം? ആ മുദ്ര പൊട്ടിച്ചാലല്ലേ മറ്റൊരുപ്രവാചകൻ വരികയുള്ളു? അങ്ങനെ സംഭവിക്കുക എന്നത് ക്വുർആനിക ആശയത്തിന് വിരുദ്ധമാണ്. ഒരു ക്വുർആൻ സൂക്തം കാണുക: “അല്ലാഹു അവരുടെ ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു...”(2:7). ഹൃദയങ്ങൾക്കും ചെവികൾക്കും മുദ്രവെച്ചിരിക്കുന്നു എന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം സത്യസന്ദേശം അവയിൽ പ്രവേശിക്കില്ല അഥവാ കേൾക്കുവാനും ഉൾക്കൊള്ളുവാനും അവർക്ക് കഴിയില്ല എന്നാണ്. നബിമാർക്ക് മുദ്രവെച്ചു എന്ന് പറഞ്ഞാൽ പ്രവാചകത്വത്തിലേക്ക് ഇനി ആരും പ്രവേശിക്കില്ല എന്നർഥം.

ഇസ്‌ലാം മുഹമ്മദ് നബിﷺയുടെ കാലത്ത് തന്നെ പൂർത്തീകരിക്കപ്പെട്ട മതമാണ്. വിശുദ്ധ ക്വുർആൻ പറയുന്നു: “...ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിതന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ പൂർത്തിയാക്കിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു...” (ക്വുർആൻ 5:3).

പ്രവാചകനും വേദഗ്രന്ഥവും മതനിയമങ്ങളുമെല്ലാം മതത്തിന്റെ ഭാഗമാണ്. മതം പൂർത്തിയായി എന്നുപറഞ്ഞാൽ പ്രവാചകൻ, വേദഗ്രന്ഥം, മതനിയമങ്ങൾ തുടങ്ങിയവയെല്ലാം പൂർത്തിയായി എന്നുതന്നെയാണ്. പൂർത്തിയായ മതത്തിലേക്ക് യാതൊന്നും കൂട്ടിച്ചേർക്കുവാൻ ആർക്കും അ



ല്ലാഹു അനുവാദം നൽകുന്നില്ല. മുകളിൽ കൊടുത്ത സൂക്തത്തിൽ ആദ്യം പറയുന്നത് നിങ്ങളുടെ 'മതംപൂർത്തിയാക്കിത്തന്നിരിക്കുന്നു' എന്നാണ്. പിന്നീട് പറയുന്നു 'അനുഗ്രഹം പൂർത്തിയാക്കിത്തന്നിരിക്കുന്നു' എന്ന്. പൂർണമാക്കപ്പെട്ട മതത്തിലും അനുഗ്രഹത്തിലും പ്രവാചകത്വം എങ്ങനെയാണ് ഉൾപ്പെടാതിരിക്കുക? മുഹമ്മദ് നബിﷺ ലോകാനുഗ്രഹിയാണെന്നതിൽ സംശയമില്ല. പ്രവാചകത്വമാകുന്ന അനുഗ്രഹം പൂർത്തിയായി എന്ന് ക്വുർആന് പറയുമ്പോൾ ഇനിയും പ്രവാചകൻമാർ വരും എന്ന വിശ്വാസം ക്വുർആനികാധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന് വ്യക്തം. എല്ലാ പ്രവാചകന്മാരും അതാത് പ്രദേശങ്ങളിലേക്കോ പ്രത്യേക ജനവിഭാഗങ്ങളിലേക്കോ മാത്രമായി അയക്കപ്പെട്ടവരായിരുന്നുവെങ്കിൽ മുഹമ്മദ് നബിﷺ അന്ത്യനാൾവരേക്കുമുള്ള സർവജനങ്ങളിലേക്കുമായാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. അല്ലാഹു പറയുന്നു:

"നിന്നെ മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുന്നവനും ആയിക്കൊണ്ട് തന്നെയാണ് നാം അയച്ചിട്ടുള്ളത്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല" (ക്വുർആൻ 34:28).

"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു..." (ക്വുർആൻ 7:158).

### പ്രവാചകത്വം ആഗ്രഹിച്ചിട്ടില്ല

മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ അന്തിമദൂതനും ലോകത്തിന് മാർഗദർശിയും ആയിത്തീർന്നത് സ്വന്തം താൽപര്യപ്രകാരമോ സ്വന്തം തിരഞ്ഞെടുപ്പിന്റെ ഫലമോ ആയിരുന്നില്ല. ഹിറാഗുഹയിൽ ഏകനായി കഴിഞ്ഞുകൂടവെ തന്റെ അടുത്തേക്ക് ജിബ്‌രീൽ﷤ ആദ്യമായി കടന്നുവരുന്ന നിമിഷംവരെയും അവിടുന്ന് പ്രവാചകനാകാൻ ആഗ്രഹിച്ചിട്ടില്ല; അന്നേരം പോലും താൻ നബിയായി നിയോഗിതനായിരിക്കുന്നു എന്ന് അദ്ദേഹത്തിന് മനസ്സിലാക്കാൻ സാധിച്ചിട്ടുമില്ല. സമൂഹത്തിൽ സ്വന്തം മഹത്ത്വം സ്ഥാപിക്കുവാനും സ്വയം ശ്രേഷ്ഠപദവി കരസ്ഥമാക്കുവാനുമുള്ള ബോധപൂർവമായ യാതൊരു നീക്കവും മനസാ, വാചാ, കർമണാ അദ്ദേഹത്തിൽനിന്ന് ഉണ്ടായിട്ടില്ല. അല്ലാഹുവിന്റെ തീരുമാനപ്രകാരം മാത്രമാണ് അദ്ദേഹം അന്തിമദൂതൻ ആയിത്തീർന്നത്.

അല്ലാഹു പറയുന്നു: "നിനക്ക് വേദഗ്രന്ഥം നൽകപ്പെടണമെന്ന് നീ ആഗ്രഹിച്ചിരുന്നില്ല. പക്ഷേ, നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യത്താൽ (അത് ലഭിച്ചു)..." (ക്വുർആൻ 28:86).

"അപ്രകാരം തന്നെ നിനക്ക് നാം നമ്മുടെ കൽപനയാൽ ഒരു ചൈതന്യവത്തായ സന്ദേശം ബോധനം ചെയ്തിരിക്കുന്നു. വേദഗ്രന്ഥമോ സത്യവിശ്വാസമോ എന്തെന്ന് നിനക്ക് അറിയുമായിരുന്നില്ല...." (ക്വുർആൻ 42:52).

അന്തിമദൂതൻ, അനുപമ വ്യക്തിത്വത്തിന്റെയും മാതൃകായോഗ്യമായ ജീവിതത്തിന്റെയും ഉടമ എന്നിങ്ങനെ പൊതുവിൽ അംഗീകരിക്കപ്പെട്ട എല്ലാ ഗുണവിശേഷങ്ങളും പ്രവാചകനുണ്ടെന്നതിന്റെ സാക്ഷ്യവാക്യങ്ങൾ വിശുദ്ധ ക്വുർആനിൽ കാണാൻ സാധിക്കും. വിശുദ്ധ ക്വുർആൻ പ്രവാചകനെക്കുറിച്ച് നൽകുന്ന വിവരങ്ങൾ വ്യക്തിപൂജാപരമായ തലത്തിലുള്ളവയല്ല. ഒരു വിശ്വാസി അറിഞ്ഞിരിക്കേണ്ടതും അംഗീകരിക്കേണ്ടതുമായ വിഷയങ്ങളും കാര്യങ്ങളും മാത്രമെ വിശുദ്ധ ക്വുർആനിൽ അദ്ദേഹത്തെക്കുറിച്ച് നൽകപ്പെടുന്നുള്ളൂ.

### മുഹമ്മദ് നബിയിലൂടെ പൂർത്തിയാക്കപ്പെട്ട മതം

ഇസ്‌ലാം മുഹമ്മദ് നബിﷺയിലൂടെ പൂർത്തീകരിക്കപ്പെട്ട മതമാണ് എന്നു നാം മനസ്സിലാക്കി. പൂർത്തിയായ മതത്തിലേക്ക് യാതൊന്നും കൂട്ടിച്ചേർക്കുവാൻ ആർക്കും അല്ലാഹു അനുവാദം നൽകുന്നില്ല. മതത്തിന്റെ ഭാഗം എന്ന നിലയിൽ പുതിയതായി എന്തെങ്കിലും കൂട്ടിച്ചേർക്കുവാൻ ഒരാൾക്കും അവകാശമില്ല. നിങ്ങളെ സ്വർഗത്തിലേക്ക് അടുപ്പിക്കുന്നതും നരകത്തിൽനിന്ന് അകറ്റുന്നതുമായ ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടുപോയിട്ടില്ല എന്ന പ്രവാചകവചനം മതത്തിൽ കടത്തിക്കൂട്ടുന്ന പുതുനിർമിതകളെ(ബിദ്അത്ത്)യെല്ലാം നിരാകരിക്കുന്നു.

മുഹമ്മദ് നബിﷺ സ്വന്തമായി ഒരു കാര്യവും മതമായി പഠിപ്പിച്ചിട്ടില്ല. അല്ലാഹുവിന്റെ കൽപനകൾക്കും നിർദേശങ്ങൾക്കും ഉപരിയായി പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് അനുവാദമുണ്ടായിരുന്നില്ല. അല്ലാഹു പറയുന്നു: "അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുകയുമില്ല. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്നതല്ലാതെ (മറ്റൊന്നും) അല്ല" (ക്വുർആൻ 53:3).

"(നബിയെ) നീ അല്ലാഹുവിനെ സൂക്ഷിക്കുക. സത്യനിഷേധികളെയും കപടവിശ്വാസികളെയും അനുസരി

ക്കാതിരിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു സർവജ്ഞനും യുക്തിമാനുമാകുന്നു. നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്ന് ബോധനം നൽകപ്പെടുന്നതിനെ പിൻതുടരുകയും ചെയ്യുക...'' (ക്വുർആൻ 33:1-3).

### ലോകർക്ക് അനുഗ്രഹവും കാരുണ്യവും

അന്തിമദൂതരുടെ ആഗമനം മാനവരാശിക്ക് കാരുണ്യവും അനുഗ്രഹവുമാണ് എന്നാണ് ക്വുർആൻ പറയുന്നത്. കാരണം, സ്രഷ്ടാവിന്റെ മാർഗത്തിൽ ചരിക്കേണ്ട മനുഷ്യന് ആ മാർഗം ഏതെന്ന് കാണിച്ചുകൊടുക്കൽ ഏറ്റവും വലിയ അനുഗ്രഹവും കാരുണ്യവും തന്നെയാണ്.

''തീർച്ചയായും സത്യവിശ്വാസികളിൽ അവരിൽനിന്ന് തന്നെയുള്ള ഒരു ദൂതനെ നിയോഗിക്കുക വഴി അല്ലാഹു മഹത്തായ അനുഗ്രഹമാണ് അവർക്ക് നൽകിയിട്ടുള്ളത്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ അവർക്ക് ഓതിക്കേൾപിക്കുകയും അവരെ സംസ്കരിക്കുകയും അവർക്കു ഗ്രന്ഥവും ജ്ഞാനവും പഠിപ്പിക്കുകയും ചെയ്യുന്ന (ഒരു ദൂതനെ). അവരാകട്ടെ മുമ്പ് വ്യക്തമായ വഴികേടിൽതന്നെയായിരുന്നു'' (ക്വുർആൻ 3:164).

''...എന്റെ അനുഗ്രഹം ഞാൻ നിങ്ങൾക്ക് പൂർത്തിയാക്കിത്തരുവാനും നിങ്ങൾ സൻമാർഗം പ്രാപിക്കുവാനും വേണ്ടിയാണിതെല്ലാം. നമ്മുടെ ദൃഷ്ടാന്തങ്ങൾ നിങ്ങൾക്ക് ഓതിക്കേൾപിച്ച് തരികയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് വേദവും വിജ്ഞാനവും പഠിപ്പിച്ചുതരികയും നിങ്ങൾക്കറിവില്ലാത്തത് നിങ്ങൾക്കറിയിച്ചു തരികയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്നുതന്നെയുള്ള ഒരു ദൂതനെ നിങ്ങളിലേക്ക് നാം നിയോഗിച്ചത് (വഴി നിങ്ങൾക്ക് ചെയ്ത അനുഗ്രഹം) പോലെത്തന്നെയാകുന്നു ഇതും''(2:150-151).

''ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല'' (ക്വുർആൻ 21:107).

### പ്രവാചകചര്യയുടെ പ്രാധാന്യം

മുഹമ്മദ് നബിﷺയെ അനുസരിക്കാതെ ഒരാൾക്ക് മുസ്‌ലിമായിരിക്കാൻ സാധ്യമല്ല. അല്ലാഹു പറയുന്നു: ''സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക...'' (ക്വുർആൻ 8:20).

വിശ്വാസികളോട് അല്ലാഹു പറയുന്നു: ''തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്...''(ക്വുർആൻ 33:21)

ഈ പ്രവാചകന്റെ മാർഗത്തിന് എതിരായി നിലകൊള്ളുന്നത് കടുത്ത നന്ദികേടാണ്. അല്ലാഹു പറയുന്നു: ''തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിൻതുടരുകയും ചെയ്യുന്നപക്ഷം അവർ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുന്നതും നരകത്തിലിട്ട് നാം അവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം! (ക്വുർആൻ 4:115).

''...നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക...'' (ക്വുർആൻ 59:7).

നബിﷺ ഒരു കാര്യത്തിൽ വിധിപറഞ്ഞാൽ അത് അംഗീകരിക്കൽ വിശ്വാസികളുടെ ബാധ്യതയാണ്. അതിനോട് വിമുഖത കാണിക്കുന്നത് നാശഹേതുവുമാണ്. അല്ലാഹു പറയുന്നു: ''ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല'' (4:65).

മുഹമ്മദ് നബിﷺയെ അനുസരിക്കുക എന്നു പറഞ്ഞാൽ അത് അല്ലാഹുവിനോടുള്ള അനുസരണംകൂടിയാണ്. കാരണം അല്ലാഹുവാണ്



അദേഹത്തെ പ്രവാചകനായി അയച്ചത്. ആ പ്രവാചകനെ ധിക്കരിക്കൽ അല്ലാഹുവിനെ ധിക്കരിക്കലുമാണ് അല്ലാഹു പറയുന്നു: "(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവെ അനുസരിച്ചു. ആർ പിന്തിരിഞ്ഞുവോ അവരുടെ മേൽ കാവൽക്കാരനായി നിന്നെ നാം നിയോഗിച്ചിട്ടില്ല" (ക്വുർആൻ 4:80).

വിശുദ്ധ ക്വുർആനും പ്രവാചകചര്യയു(സുന്നത്ത്)മാണ് ഇസ്‌ലാമിന്റെ അടിസ്ഥാനപ്രമാണങ്ങൾ എന്ന് ഈ ക്വുർആൻ സൂക്തങ്ങൾ വ്യക്തമാക്കിത്തരുന്നുണ്ട്. 'അത് സുന്നത്തല്ലേ' എന്ന് നിസ്സാരമട്ടിൽ പറഞ്ഞ് പ്രവാചക ചര്യകളെ അവഗണിക്കുന്ന പലരെയും കാണാം. നബിﷺ പറഞ്ഞത് കാണുക:

"തീർച്ചയായും ഞാൻ നിങ്ങളിൽ രണ്ട് കാര്യം വിട്ടേച്ചു പോവുകയാണ്. അവയ്ക്കുശേഷം ഒരിക്കലും നിങ്ങൾ വഴിപിഴച്ചുകയേയില്ല. അതായത്, അല്ലാഹുവിന്റെ കിതാബും (ക്വുർആൻ) എന്റെ സുന്നത്തും. ഹൗദിന്റെ അടുക്കൽ വരുന്നതുവരെ (അഥവാ അന്ത്യനാൾവരെ) അവ രണ്ടും വേർപിരിയുകയേയില്ല" (ഹാകിം 'മുസ്തദ്‌റകി'ൽ ഉദ്ധരിച്ചത്).

"അല്ലയോ ജനങ്ങളേ, ഞാൻ നിങ്ങളിൽ ഒരു കാര്യം ഉപേക്ഷിച്ചു പോവുകയാണ്. അത് നിങ്ങൾ മുറുകെ പിടിക്കുന്നിടത്തോളം നിങ്ങളൊരിക്കലും വഴിപിഴക്കുകയേയില്ല. അല്ലാഹുവിന്റെ കിതാബും എന്റെ സുന്നത്തുമാണത്" (ഹാകിം).

ഇർബാദുബ്നു സാരിയ്യ﵁യിൽനിന്ന് ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇങ്ങനെ കാണാം: "...തീർച്ചയായും എനിക്ക് ശേഷം നിങ്ങളിൽ ആർ ജീവിച്ചിരിക്കുന്നുവോ അവർക്ക് നിരവധി ഭിന്നതകൾ കാണാവുന്നതാണ്. അപ്പോൾ നിങ്ങൾ എന്റെ സുന്നത്തും സന്മാർഗികളായ ഖുലഫാഉർറാശിദുകളുടെ സുന്നത്തും പിൻപറ്റുക. അവ നിങ്ങൾ മുറുകെപിടിക്കുക. നിങ്ങളുടെ അണപ്പല്ലുകൾകൊണ്ട് അതിനെ കടിച്ചുപിടിക്കുക. നൂതനമായ കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും എല്ലാ നൂതനകാര്യങ്ങളും ബിദ്അത്ത് (അനാചാരം) ആകുന്നു. എല്ലാ ബിദ്അത്തുകളും വഴികേടുമാകുന്നു" (അഹ്മദ്, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ മുതലായവർ ഉദ്ധരിച്ചത്. ശൈഖ് അൽബാനി ഇത് സ്വഹീഹാണെന്ന് പറഞ്ഞിട്ടുണ്ട്).

### നബിദിനാഘോഷത്തിലെ ഇസ്‌ലാം

മുകളിൽ കൊടുത്ത പ്രമാണവചനങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ന് നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന നബിദിനാഘോഷത്തെ ഒന്ന് വിലയിരുത്തിനോക്കുക. പ്രവാചകനോ അവിടുത്തെ അനുയായികളോ (സ്വഹാബിമാർ) ഒരിക്കൽ പോലും അങ്ങനെയൊരാചാരം നടപ്പിലാക്കിയിട്ടില്ല. ഒരു സൂചനപോലും ഈ വിഷയത്തിൽ ക്വുർആനോ സുന്നത്തോ നൽകിയതായി കാണുവാൻ സാധ്യമല്ല. അതുകൊണ്ട്തന്നെ ഇത് വിലക്കപ്പെട്ട നൂതനാചാര(ബിദ്അത്ത്)മാണെന്ന് വ്യക്തം. നൂതനാചാരങ്ങൾ നിർമിക്കലും അത് പ്രാവർത്തികമാക്കലും പ്രവാചകനോടുള്ള അനുസരണക്കേടാണ്; ധിക്കാരമാണ്.

### അനുസരണയിലൂടെ പ്രവാചകനെ സ്നേഹിക്കുക

ഇമാം ബുഖാരി അബൂഹുറയ്റ﵁യിൽ നിന്ന് ഉദ്ധരിക്കന്നു; നബിﷺ പറഞ്ഞു: 'എന്റെ സമുദായംമുഴുവൻ സ്വർഗത്തിൽ പ്രവേശിക്കുന്നവരാണ്; വിസമ്മതിച്ചവരൊഴികെ.' സ്വഹാബികൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ആരാണ് വിസമ്മതിക്കുന്നത്?' നബിﷺ പറഞ്ഞു: 'ആർ എന്നെ അനുസരിച്ചുവോ അവർ സ്വർഗത്തിൽ പ്രവേശിക്കും. ആർ എന്നോട് അനുസരണക്കേട് കാണിക്കുന്നുവോ അവരാണ് വിസമ്മതിച്ചത്."

നബിﷺ പറഞ്ഞു: "ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിച്ചാൽ അവൻ അല്ലാഹുവിനെയാണ് ധിക്കരിച്ചത്"(ബുഖാരി, മുസ്‌ലിം).

നബിﷺയോട് അനുസരണക്കേട് കാണിച്ചാൽ അത് അല്ലാഹുവിനോട്കൂടി കാണിക്കുന്ന അനുസരണക്കേടാണ്. ബിദ്അത്തുകൾ ചെയ്യൽ പ്രവാചകനോടുള്ള അനുസരണക്കേടാണെന്നതിൽ സംശയമില്ല. അല്ലാഹുവിന്റെ മതത്തിൽ സദുദ്ദേശ്യത്തോടു കൂടിയാണെങ്കിലും പുതിയൊരു നിയമമുണ്ടാക്കുന്നവന്റെആ പുതുനിർമിതി വഴികേടാണെന്നു മാത്രമല്ല; അല്ലാഹുവിന്റെ മതത്തെ ആക്ഷേപിക്കലും 'ഇന്ന് നിങ്ങൾക്ക് നിങ്ങളുടെ മതം ഞാൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു' എന്നു പറഞ്ഞ അല്ലാഹുവിനെ കളവാക്കലുമാകുന്നു.

അല്ലാഹുവിന്റെ മതത്തിൽ ഇല്ലാത്ത പുതിയൊരു നിയമമുണ്ടാക്കുന്നവൻ 'തീർച്ചയായും ഈ മതം പൂർത്തിയാക്കപ്പെട്ടിട്ടില്ല, അല്ലാഹുവിലേക്ക് അടുപ്പിക്കുന്ന ഈ പുതിയ നിയമം കൂടി ബാക്കിയുണ്ട്' എന്നു വിളിച്ചുപറയുന്നവനെപ്പോലെയാണ്.

പ്രവാചന്റെ ജീവിതം പിൻപറ്റിക്കൊണ്ടാണ് അദ്ദേഹത്തിന്റെ മഹത്ത്വം ലോകത്തിനുമുന്നിൽ കാണിച്ചുകൊടുക്കേണ്ടത്. അല്ലാതെ റബീഉൽ അവ്വൽ മാസത്തിൽ ചില കോപ്രായങ്ങൾ കാണിച്ചുകൊണ്ടല്ല.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# ചെറിയ ബദ്ർ

മുഹമ്മദ് നബിﷺ 42

ഉഹ്ദിൽ രക്തസാക്ഷികളായ എഴുപതോളം സ്വഹാബിമാരെ അവിടെത്തന്നെ ക്വബ്‌റടക്കി. ചില സ്വഹാബിമാരുടെ ഭൗതികശരീരം മദീനയിലേക്ക് കൊണ്ടുപോകാനായി കുടുംബത്തിലെ ചിലർ നബിﷺയോട് ആവശ്യപ്പെട്ടെങ്കിലും നബിﷺ അത് വിലക്കി. രക്തസാക്ഷികളെ അവിടെത്തന്നെ മറവ് ചെയ്യുകയാണ് വേണ്ടത്. അതിനാലാണ് നബിﷺ അവരെ വിലക്കിയത്. നബിﷺ രക്തസാക്ഷികളെ മറവുചെയ്യുന്നതി

നായി കുറച്ച് ക്വബ്റുകൾ കുഴിക്കാൻ സ്വഹാബിമാരോട് ആവശ്യപ്പെട്ടു. എല്ലാവർക്കും ഓരോ ക്വബ്ർ വീതം കുഴിക്കുക എന്നത് അവർക്ക് ആ സമയത്ത് അസാധ്യമായിരുന്നു. കാരണം കടുത്ത ക്ഷീണത്തിലും പരിക്കുപറ്റിയ നിലയിലുമായിരുന്നു അവർ. അതിനാൽ ഒന്നിലധികം പേരെ ഓരോ ക്വബ്റിലും മറവുചെയ്തു.

ഒരേസമയത്ത് ധാരാളം മയ്യിത്തുകൾ മറവു ചെയ്യേണ്ടിവരുന്ന ഘട്ടത്തിൽ ഒരേ ക്വബ്റിൽതന്നെ ഒന്നിൽ കൂടുതൽ മയ്യിത്തുകൾ മറവുചെയ്യാം എന്ന് ഈ ചരിത്രത്തിന്റെ വെളിച്ചത്തിൽ കർമശാസ്ത്ര പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഉഹ്ദിൽ ശഹീദായവരെ മറവുചെയ്യാനായി ക്വബ്റിലേക്ക് ഇറക്കുകയാണ്. ആ സന്ദർഭത്തിൽ നബിﷺ സ്വഹാബിമാർക്ക് ഒരു നിർദേശം നൽകി. ആരെയാണ് ആദ്യം ക്വബ്റിലേക്ക് വെക്കേണ്ടത് എന്നതിനെ പറ്റിയായിരുന്നു ആ നിർദേശം. ക്വുർആനിൽനിന്ന് ഏറ്റവും കൂടുതൽ മനഃപാഠമുള്ളവരെ ആദ്യം ക്വബ്റിൽ വെക്കുക. ശേഷം അതിന് താഴെ മനഃപാഠമുള്ളവർ. അങ്ങനെ അവരെ ഓരോരുത്തരെയും മയ്യിത്ത് കുളിപ്പിക്കാതെ, രക്തം അവരുടെ ശരീരത്തിൽ ഉള്ള നിലയ്ക്ക് തന്നെയാണ് മറവു ചെയ്തത്. ജനാസ നമസ്കാരം പോലും ഇല്ലാതെയാണ് അവരെ മറവുചെയ്യേണ്ടത്. യുദ്ധത്തിൽ രക്തസാക്ഷികളായവരെ അങ്ങനെയാണ് മറവുചെയ്യേണ്ടത്. നബിﷺ പറഞ്ഞു: 'അന്ത്യനാളിൽ ഞാൻ ഇവർക്ക് സാക്ഷിയായിരിക്കുന്നതാണ്.'

അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദുകളായ മഹാന്മാർ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ ക്വബ്റുകളിൽനിന്ന് രക്തക്കറയും മുറിവുകളുടെയും പരിക്കുകളുടെയും അടയാളങ്ങളുമായി അല്ലാഹുവിങ്കലേക്ക് വരുന്ന സമയത്ത് കസ്തൂരിയെക്കാൾ ശക്തമായ സുഗന്ധം അടിച്ചുവീശുന്നതാണെന്ന് നബിﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്.

ഉഹ്ദ് യുദ്ധത്തിലെ രക്തസാക്ഷികളെ മറവു ചെയ്ത് നബിﷺയും സ്വഹാബിമാരും മടങ്ങുന്ന സമയത്ത് ശത്രുക്കൾ പരിഹസിക്കാൻ തുടങ്ങി. അവരുടെ കൂടെ കപടവിശ്വാസികളും. 'മദീനയുടെ പുറത്ത് പോകാതെ ഇവിടെവെച്ചുതന്നെ അവരെ നേരിട്ടിരുന്നെങ്കിൽ ഇതൊന്നും വരില്ലായിരുന്നല്ലോ' എന്നിങ്ങനെ മുസ്‌ലിംകളെ പറഞ്ഞ് വേദനിപ്പിക്കുകയാണ് കപടന്മാർ. ഇപ്പോൾ എഴുപത് ജീവനല്ലേ പൊലിഞ്ഞത്, കുടുംബത്തിന് അവരെ നഷ്ടമായില്ലേ എന്നെല്ലാം ചോദിച്ച് വീണ്ടും വീണ്ടും ആക്ഷേപിക്കുകയാണ് ശത്രുക്കൾ. എന്നാൽ രക്തസാക്ഷികൾക്ക് അല്ലാഹു നൽകുന്ന വമ്പിച്ച പ്രതിഫലത്തെക്കുറിച്ച് നബിﷺ സ്വഹാബിമാരെ പറഞ്ഞ് സമാധാനിപ്പിച്ചു. അല്ലാഹു ഇപ്രകാരം ആയത്ത് ഇറക്കുകയും ചെയ്തു:

> **ശുഹദാഇനെ സംബന്ധിച്ച് അല്ലാഹു അറിയിച്ച ക്വുർആൻ സൂക്തത്തെ ദുർവ്യാഖ്യാനിച്ച് അവരോട് പ്രാർഥിക്കുന്നവർക്ക് ഈ വചനം അതിന് യാതൊരും വെളിച്ചവും നൽകുന്നില്ല. ശുഹദാഇന് അവർ ആഗ്രഹിക്കുന്നത് പോലും നിവർത്തിക്കാൻ സാധിക്കുന്നില്ല. മാല, മൗലിദ് കിതാബുകളിൽ ശുഹദാഅ് ഹാജറായതായും സഹായിച്ചതായും പറയുന്ന കഥകളെല്ലാം വ്യാജവും നിർമിതവുമാണെന്ന് എളുപ്പത്തിൽ നമുക്ക് മനസ്സിലാക്കാവുന്നതാണ്. അവരെ വിളിക്കുന്നവരെ സഹായിക്കുവാനോ, ആ വിളി അവരെ കേൾപിക്കുവാനോ, അതിന് ഉത്തരം നൽകുവാനോ അല്ലാഹു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. ഈ വിശ്വാസം ശുഹദാഇനെ സ്ഥാനം കുറച്ച് കാണലല്ല; അല്ലാഹുവിന്റെ സ്ഥാനത്തെ മഹത്ത്വപ്പെടുത്തലാണ്.**

"അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചുപോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിന്റെ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടിരിക്കുന്നു. അല്ലാഹു തന്റെ അനുഗ്രഹത്തിൽനിന്ന് അവർക്കു നൽകിയതുകൊണ്ട് അവർ സന്തുഷ്ടരായിരിക്കും. തങ്ങളോടൊപ്പം വന്നുചേർന്നിട്ടില്ലാത്ത, തങ്ങളുടെ പിന്നിൽ (ഇഹലോകത്ത്) കഴിയുന്ന വിശ്വാസികളെപ്പറ്റി, അവർക്ക് യാതൊന്നും ഭയപ്പെടുവാനോ ദുഃഖിക്കാനോ ഇല്ലെന്നോർത്ത് അവർ (ആ രക്തസാക്ഷികൾ) സന്തോഷമടയുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുംകൊണ്ട് അവർ സന്തോഷമടയുന്നു. സത്യവിശ്വാസികളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ല എന്നതും (അവരെ സന്തുഷ്ടരാക്കുന്നു)" (ക്വുർആൻ 3:171).

അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷികളായവർ ഭൗതികലോക

ത്തോട് യാത്രയായെങ്കിലും അല്ലാഹുവിന്റെയടുത്ത് അവർ ജീവിച്ചിരിക്കുന്നവരാണ്. അല്ലാഹു അവർക്ക് ആഹാരം നൽകുന്നുണ്ട്. ബർസഖിയായ ജീവിതത്തിൽ അല്ലാഹു നൽകിയ അനുഗ്രഹത്തിൽ അവർ അങ്ങേയറ്റത്തെ സന്തോഷത്തിലുമാണ്. അത്രയും വലിയ സ്വർഗീയ സുഖങ്ങളാണ് ശുഹദാഇന് അല്ലാഹു നൽകിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല, അവരുടെ കൂടെ, ഇപ്പോൾ രക്തസാക്ഷികളായിട്ടില്ലെങ്കിലും അവരിലേക്ക് ചെന്നു ചേരാനിരിക്കുന്ന പിൻഗാമികളെ ഓർത്തും അവർ ഏറെ സന്തോഷത്തിലാണ്. വിശ്വാസികളെ കളിയാക്കിയിരുന്നവർക്കും വേദനിപ്പിച്ചവർക്കും അല്ലാഹു ആ രക്തസാക്ഷികളുടെ അവസ്ഥ പറഞ്ഞുകൊടുക്കുകയാണ്. പിതാവ് നഷ്ടപ്പെട്ട മക്കൾക്കും ഭർത്താവ് നഷ്ടപ്പെട്ട ഭാര്യക്കും മക്കൾ നഷ്ടമായ മാതാപിതാക്കൾക്കും തെല്ലൊന്നുമല്ല ഈ വചനം ആശ്വാസം പകർന്നത്.

അല്ലാഹുവിന്റെ മാർഗത്തിൽ രക്തസാക്ഷിത്വം വരിച്ചവരുടെ ആത്മാക്കൾ സ്വർഗത്തിൽ പച്ചനിറത്തിലുള്ള പക്ഷിയുടെ രൂപത്തിൽ പാറിനടക്കുകയാണ് എന്നും സന്തോഷത്തോടെ സ്വർഗത്തിന്റെ ഏത് ഭാഗത്തിലൂടെയും അവർ സഞ്ചരിക്കുകയാണെന്നും നബിﷺ പഠിപ്പിച്ചിട്ടുണ്ട്. പിതാവിന്റെ വിയോഗത്തിൽ വിഷമിച്ച മക്കളോട് വിഷമിക്കരുതെന്നും അദ്ദേഹത്തിന്റെ ആത്മാവിനെ മലക്കുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും മലക്കുകൾ അവരുടെ ചിറകുകൊണ്ട് തണലിട്ട് കൊടുത്തിട്ടുണ്ടെന്നും അത്യുന്നതമായ പദവിയിലേക്കാണ് അദ്ദേഹം പോയിട്ടുള്ളതെന്നും നബിﷺ അവർക്ക് സന്തോഷവാർത്ത അറിയിച്ചുകൊണ്ടിരുന്നു.

ശുഹദാക്കൾ ജീവിച്ചിരിക്കുന്നവരാണ് എന്ന് ക്വുർആൻ പറഞ്ഞതിനെ പലരും തെറ്റായി മനസ്സിലാക്കിയിരിക്കുകയാണ്. സാധാരണ ഒരു മനുഷ്യന് ഉണ്ടാകുന്ന സ്വാഭാവിക മരണം അവർക്ക് സംഭവിച്ചിട്ടില്ല എന്നതല്ല ശുഹദാഅ് അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുകയാണ് എന്ന് പറയുന്നതിന്റെ അർഥം. അല്ലാഹുവിന്റെ അടുക്കൽ എന്ന് പ്രത്യേകം പറഞ്ഞതുതന്നെ ആ ജീവിതം നമ്മുടെ ഭൗതിക ജീവിതവുമായി ബന്ധമുള്ളതല്ലെന്ന് വ്യക്തമാക്കുന്നതാണ്. പക്ഷേ, ആ ജീവിതം എങ്ങനെയാണ് എന്നത് നമുക്ക് അറിയുകയുമില്ല. അവർക്ക് ഭക്ഷണം നൽകപ്പെടുന്നുണ്ടെന്നും പറഞ്ഞല്ലോ. ഏതുതരം ഭക്ഷണമാണ് അവർക്ക് ലഭിക്കപ്പെടുന്നതെന്നോ എങ്ങനെയാണ്, എപ്പോഴാണ് അവർ അത് കഴിക്കുന്നതെന്നോ നമുക്ക് പറയാൻ സാധ്യമല്ല. പദാർഥലോകത്തിന് അപ്പുറത്തുള്ള ആ ജീവിതത്തിൽ അവർക്ക് അനുയോജ്യമായ രൂപത്തിൽ അല്ലാഹു ആഹാരം നൽകുന്നുണ്ടെന്നേ നമുക്ക് വിശ്വസിക്കാൻ സാധിക്കൂ. ശുഹദാഇനെ സംബന്ധിച്ച് അല്ലാഹു അറിയിച്ച ഈ സൂക്തത്തെ ദുർവ്യാഖ്യാനിക്കുകയും അവർ മരണപ്പെട്ടിട്ടില്ലെന്നും അവർ ഉദ്ദേശിക്കുന്നിടത്തെല്ലാം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണെന്നും അതിനാൽ അവരെ എപ്പോൾ എവിടെവെച്ച് വിളിച്ചാലും അവർക്ക് നമ്മുടെ വിളി കേൾക്കുവാനും അതിന് ഉത്തരം നൽകുവാനും കഴിയുമെന്നും വിശ്വസിച്ച് അവരോട് പ്രാർഥിക്കുന്നവർക്ക് ഈ വചനം അതിന് യാതൊരും വെളിച്ചവും നൽകുന്നില്ല. ശുഹദാഇന് അവർ ആഗ്രഹിക്കുന്നത് പോലും നിവർത്തിക്കാൻ സാധിക്കുന്നില്ല. ഒരു സംഭവം കാണുക:

ജാബിറി‍ؓന്റെ പിതാവ് അബ്ദുല്ലാഹ്ؓ ഉഹ്ദിൽ ശഹീദായി. അങ്ങനെ ഒരു ദിവസം ജാബിർؓ വളരെ ദുഃഖിതനായി നിൽക്കുന്നത് നബിﷺ കാണുകയുണ്ടായി. 'എന്താണ് ജാബിറേ ദുഃഖിതനായിരിക്കുന്നത്' എന്ന് നബിﷺ അദ്ദേഹത്തോട് ആരാഞ്ഞു. 'എന്റെ പിതാവ് ധാരാളം കടവും കുടുംബ പ്രാരാബ്ധവും ബാക്കിയാക്കിയാണ് ശഹീദായത്' എന്ന് അദ്ദേഹം മറുപടി പറഞ്ഞു. നബിﷺ പറഞ്ഞു: 'അല്ലാഹു താങ്കളുടെ പിതാവിനോട് നിങ്ങളുടെ ആവശ്യം ചോദിച്ചോളൂ എന്നും അത് നൽകാമെന്നും നേരിട്ട് പറഞ്ഞ സന്തോഷ വിവരം ഞാൻ താങ്കളെ അറിയിക്കുകയാണ്. അപ്പോൾ പിതാവ് അബ്ദുല്ലാഹ് എന്നെ ദുൻയാവിലേക്ക് ഒന്നുകൂടെ മടക്കണമെന്നും അങ്ങനെ രണ്ടാമതും നിന്റെ മാർഗത്തിൽ ശഹീദാകണമെന്നും പറഞ്ഞു. ദുൻയാവിൽനിന്ന് വേർപെട്ടവർ അവിടേക്ക് രണ്ടാമത് മടക്കപ്പെടുകയില്ല എന്ന എന്റെ വാക്ക് മുൻകടന്നിട്ടുണ്ടെന്ന് അപ്പോൾ അല്ലാഹു മറുപടി നൽകുകയുണ്ടായി. ആ സമയത്ത് പിതാവ് അല്ലാഹുവിനോട് 'എന്റെ പിന്നിൽ വരുന്നവർക്ക് ഈ വിവരം അറിയിക്കുമോ' എന്ന് ചോദിച്ചു. അപ്പോൾ അല്ലാഹു ശുഹദാഇന് ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് അറിയിക്കുന്നതാണ് മുകളിലെ സൂക്തം. ഈ സംഭവം തുർമുദി, ഇബ്നു മാജ, ഇബ്നു ഹിബ്ബാൻ മുതലായവരെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂമിയിലേക്ക് മടങ്ങിവരാൻ ആഗ്രഹിച്ചിട്ട് അവർക്ക് സാധിച്ചില്ല. മരണപ്പെട്ടവർക്ക് തിരിച്ച് ഈ ലോകത്തേക്ക് മടങ്ങിവരാൻ സാധിക്കില്ലെന്നും അത് അല്ലാഹുവിന്റെ തീരുമാനമാണെന്നും ഇവിടെ വ്യക്തമാണ്.

ഈ വിഷയത്തിൽ ഇതാണ് വസ്തുത എന്നിരിക്കെ, മാല, മൗലിദ് കിതാബുകളിൽ ശുഹദാഅ് ഹാജറായതായും സഹായിച്ചതായും പറയുന്ന കഥകളെല്ലാം വ്യാജവും നിർമിതവുമാണെന്ന് എളുപ്പത്തിൽ നമുക്ക് മനസ്സില്ലാക്കാവുന്നതാണ്. അവരെ വിളിക്കുന്നവരെ സഹായിക്കുവാനോ, ആ വിളി അവരെ കേൾപിക്കുവാനോ, അതിന് ഉത്തരം നൽകുവാനോ അല്ലാഹു യാതൊരു ഏർപ്പാടും ചെയ്തിട്ടില്ല. ഈ വിശ്വാസം ശുഹദാഇനെ സ്ഥാനം കുറച്ച് കാണലല്ല; അല്ലാഹുവിന്റെ സ്ഥാനത്തെ മഹത്ത്വപ്പെടുത്തലാണ്.

ഉഹ്ദിൽ അനേകം നാശം വിതച്ചാണല്ലോ അഹങ്കാരത്തോടെ ക്വുറയ്ശി മുശ്‌രിക്കുകൾ തിരിച്ചുപോകുന്നത്. ആ സമയത്ത്, അവർ ഇനിയും മടങ്ങിവന്ന് മദീനയെ അക്രമിച്ച് നാശം വരുത്തുമോ എന്ന ഒരു ആശങ്ക നബിﷺക്ക് ഉണ്ടായിരുന്നു. വളരെ ക്ഷീണിതരും ദുർബലരുമായ അവശേഷിക്കുന്ന വിശ്വാസികളെ ഉഹ്ദിൽവെച്ച് തുടച്ചുനീക്കാൻ സാധിക്കുമായിരുന്നു. എന്നാൽ അല്ലാഹു അവർക്ക് അതിന് തോന്നിപ്പിച്ചില്ല. ഇനിയെങ്ങാനും അവർ ഈ പകയിൽ മദീനയിലേക്ക് ഇരച്ചുകയറി അവിടെ ആക്രമണം അഴിച്ചു വിട്ടാലോ എന്നതായിരുന്നു അവിടുത്തെ ആശങ്ക. ഉഹ്ദിൽനിന്ന് അവർ അഹങ്കാരത്തോടെ മടങ്ങുന്ന വേളയിൽ, മുസ്‌ലിംകളുടെ നേതാക്കളെല്ലാം ജീവിച്ചിരിപ്പുണ്ടല്ലോ.; അവർ ഇനിയും സംഘബലം ഉണ്ടാക്കും, അതിനാൽ അവരുടെ കഥ കഴിക്കാതിരുന്നത് ശരിയായില്ല എന്ന സംസാരം അവർക്കിടയിൽ ഉണ്ടായി എന്ന് ചരിത്രത്തിൽ കാണാം.

യുദ്ധം കഴിഞ്ഞ് മുസ്‌ലിംകൾ മടങ്ങി. നബിﷺയിൽ ആ ആശങ്ക കൂടിക്കൂടി വന്നു. പിറ്റേദിവസം തന്നെ നബിﷺ സ്വഹാബിമാരെ ഒരുമിച്ചുചേർത്തു. 'ശത്രുക്കൾ നമ്മെ ഒന്നുകൂടെ പിന്തുടരാൻ സാധ്യതയുള്ളതിനാൽ നമുക്ക് അതിനുള്ള തയ്യാറെടുപ്പ് വേണം' എന്ന് നബിﷺ സ്വഹാബിമാരെ ഉണർത്തി. മുസ്‌ലിംകുടെ വീര്യം അണഞ്ഞിട്ടില്ലെന്നും ഇപ്പോഴും അവർ ശക്തരാണെന്ന് ശത്രുക്കളെ ബോധ്യപ്പെടുതാനുമായി നബിﷺ സ്വഹാബിമാരെ സജ്ജരാക്കി. അടുത്ത ഒരു യുദ്ധത്തിനുള്ള തയ്യാറെടുപ്പായിരുന്നു അത്. ഉഹ്ദിൽ പങ്കെടുത്തവരല്ലാത്ത ഒരാളും തന്റെ കൂടെ ഉണ്ടാകരുതെന്നും നബിﷺ അറിയിച്ചു. നബിﷺയുടെ പ്രത്യേക അനുമതിയോടെ ജാബിറുംؓ ആ സംഘത്തിൽ ചേർന്നു. അദ്ദേഹം ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. പിതാവ് അബ്ദുല്ലാഹ് ഉഹ്ദിൽ പങ്കെടുക്കുകയും അതിൽ ശഹീദാകുകയും ചെയ്തത് നാം മനസ്സിലാക്കി. ജാബിർؓ ഉഹ്ദ് യുദ്ധത്തിൽ പങ്കെടുക്കാതിരിക്കാൻ കാരണം അദ്ദേഹത്തിന്റെ വ്യക്തിപരമായ കാരണമല്ലായിരുന്നു.

> **ശുഹദാക്കൾ ജീവിച്ചിരിക്കുന്നവരാണ് എന്ന് ക്വുർആൻ പറഞ്ഞതിനെ പലരും തെറ്റായി മനസ്സിലാക്കിയിരിക്കുകയാണ്. സാധാരണ ഒരു മനുഷ്യന് ഉണ്ടാകുന്ന സ്വാഭാവിക മരണം അവർക്ക് സംഭവിച്ചിട്ടില്ല എന്നതല്ല ശുഹദാഅ് അല്ലാഹുവിന്റെ അടുക്കൽ ജീവിച്ചിരിക്കുകയാണ് എന്ന് പറയുന്നതിന്റെ അർഥം. അല്ലാഹുവിന്റെ അടുക്കൽ എന്ന് പ്രത്യേകം പറഞ്ഞതുതന്നെ ആ ജീവിതം നമ്മുടെ ഭൗതിക ജീവിതവുമായി ബന്ധമുള്ളതല്ലെന്ന് വ്യക്തമാക്കുന്നതാണ്. പക്ഷേ, ആ ജീവിതം എങ്ങനെയാണ് എന്നത് നമുക്ക് അറിയുകയില്ല. അവർക്ക് ഭക്ഷണം നൽകപ്പെടുന്നുണ്ടെന്ന് പറഞ്ഞത് എങ്ങനെയാണ് എന്നത് നമുക്ക് മനസ്സിലാവുകയില്ല.**

'എന്റെ പിതാവിന് ഏഴ് പെൺമക്കളാണ് ഉള്ളത്. ആണായിട്ട് ഞാൻ മാത്രവും. എന്റെ ഏഴ് സഹോദരിമാർക്കും സഹായമായിട്ടുള്ളത് പിതാവും ഞാനും മാത്രമെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം ഇവരെ നോക്കാൻ ഏൽപിച്ച് ഉഹ്ദിലേക്ക് പുറപ്പെട്ടു. അവിടെ ശഹീദാകുകയും ചെയ്തു. എന്നാൽ ഇതിൽ എന്നെ കൂടെ കൂട്ടണം' ജാബിർؓ പറഞ്ഞു. നബിﷺ ഈ ആവശ്യം പരിഗണിച്ചു. അങ്ങനെ അവർ വീണ്ടും യാത്ര തിരിച്ചു. മദീനയിൽനിന്ന് മക്കയിലേക്കുള്ള വഴിയിൽ ഹംറാഉൽ അസദ് എന്ന സ്ഥലത്ത് എത്തി. നബിﷺ അവിടെ ഇറങ്ങി തമ്പടിച്ചു. നബിﷺ നേരത്തെ ശത്രുക്കളുടെ നീക്കത്തെ പറ്റി ഊഹിച്ചത് ശരിയായിരുന്നു. ഉഹ്ദിൽനിന്ന് മടങ്ങിയ മുശ്‌രിക്കുകൾ മദീനയെ കടന്നാക്രമിക്കാനുള്ള ഒരുക്കം നടത്തിയിരുന്നു. ആ സന്ദർഭത്തിലാണ് നബിﷺയുടെയും സ്വഹാബിമാരുടെയും ഈ വരവ് അവരുടെ നേതാവ് അബൂസുഫ്‌യാൻ അറിയുന്നത്.

നബിﷺയുടെയും സ്വഹാബിമാരുടെയും നീക്കം മനസ്സിലാക്കിയ അബൂസുഫ്‌യാൻ പേടിച്ചു. ഉഹ്ദിൽ പങ്കെടു

ത്തിട്ടില്ലാത്തവർ ഇന്ന് മുസ്‌ലിംകളുടെ കൂട്ടത്തിൽ ഉണ്ടാകുമെന്നും അവർക്ക് പുതിയ ശക്തിയും സ്വാധീനവും ലഭിച്ചിട്ടുണ്ടാകുമെന്നും വിചാരിച്ച് അവർ ഭയന്നു. നബിﷺയുടെ കൂടെ രണ്ടാമതും ഇറങ്ങി പുറപ്പെടാൻ തയ്യാറായ ആ സ്വഹാബിമാരെ അല്ലാഹു പ്രശംസിച്ചിട്ടുണ്ട്:

“പരിക്ക് പറ്റിയതിന് ശേഷവും അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനക്ക് ഉത്തരം ചെയ്തവരാരോ അവരിൽനിന്ന് സൽകർമകാരികളായിരിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക് മഹത്തായ പ്രതിഫലമുണ്ട്. ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും ഔദാര്യവുംകൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു. അത് (നിങ്ങളെ പേടിപ്പിക്കാൻ ശ്രമിച്ചത്) പിശാചു മാത്രമാകുന്നു. അവൻ തന്റെ മിത്രങ്ങളെപ്പറ്റി (നിങ്ങളെ) പേടിപ്പെടുത്തുകയാണ്. അതിനാൽ നിങ്ങളവരെ ഭയപ്പെടാതെ എന്നെ ഭയപ്പെടുക: നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ” (ക്വുർആൻ 3:175).

പരിക്കുകളോടെ നടക്കാൻപോലും സാധിക്കാത്ത സ്വഹാബിമാരെ അൽപം ആരോഗ്യമുള്ള മറ്റുള്ളവർ എടുത്തായിരുന്നു പോയിരുന്നത്. അത്ര മുറിവുകളും പരിക്കുകളും ഏറ്റിട്ടും അല്ലാഹുവും റസൂലും അവരോട് അടുത്ത ഒരു പുറപ്പാടിന് ആഹ്വാനം നൽകിയപ്പോൾ അവർ അതിനും തയ്യാറായി.



ഉഹ്ദിൽനിന്ന് മടങ്ങുന്ന സമയത്ത് അടുത്ത കൊല്ലം ബദ്റിൽവെച്ച് നമുക്ക് വീണ്ടും കാണാം എന്ന വെല്ലുവിളി നടത്തിയാണല്ലോ അബൂ സുഫ്‌യാൻ മടങ്ങിയിരുന്നത്. ആ വെല്ലുവിളി നബിﷺ ധൈര്യമായി ഏറ്റെടുക്കുകയും ചെയ്തിരുന്നു. എന്നാൽ മക്കയിലെ കടുത്ത ക്ഷാമം കാരണം അവർക്ക് ബദ്റിലേക്ക് പുറപ്പെടാൻ സാധിച്ചില്ല. എന്നാൽ വെല്ലുവിളി നടത്തിപ്പോവുകയും അത് മുസ്‌ലിംകൾ ഏറ്റെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ബദ്റിലേക്ക് പുറപ്പെടാതിരിക്കൽ വലിയ അപമാനവുമാണല്ലോ. ഈ അപമാനഭാരത്താൽ അദ്ദേഹം ഒരു സൂത്രം പ്രയോഗിച്ചു. മദീനയിലേക്ക് ഒരു ആളെ അയച്ചു; ഒരു വമ്പിച്ച പ്രചാരം നടത്താൻ. അയാൾക്ക് വലിയ ഒരു ഇനാം നൽകുകയും ചെയ്തു. മദീനയെ ആക്രമിക്കാനായി മക്കയിൽനിന്നും വമ്പിച്ച ഒരു സൈന്യവുമായി അവർ വരുന്നുണ്ടെന്നതായിരുന്നു ആ കള്ളപ്രചാരണം. ഈ പ്രചരണത്തിലൂടെ മുസ്‌ലിംകളുടെ മനസ്സിനെ നിർവീര്യമാക്കലായിരുന്നു അബൂ സുഫ്‌യാന്റെ തന്ത്രം. ഇപ്രകാരം ഒരു ഭീതി പരത്തിയാൽ അവർ ബദ്റിലേക്ക് വരില്ലല്ലോ. മുസ്‌ലിംകൾ വരാത്തതിനാലാണ് ഞങ്ങളും ബദ്റിലേക്ക് വരാതിരുന്നത് എന്ന് പറഞ്ഞ് ആശ്വസിക്കാമല്ലോ എന്നതായിരുന്നു ആ തന്ത്രം.

എന്നാൽ അതൊന്നും മുസ്‌ലിംകളെ ബാധിച്ചില്ല. അവർ അല്ലാഹുവിൽ ഭരമേൽപിച്ച് പുറപ്പെടാൻ ഒരുങ്ങി. അവരുടെ വെല്ലുവിളി അവഗണിച്ച് അവർ അതിന് തയ്യാറായി. അവർക്ക് ആ സമയത്ത് ഈമാൻ വർധിക്കുകയാണ് ചെയ്തത്. ഏത് ശത്രുവിന്റെ മുന്നിലും വിശ്വാസികൾക്ക് ധൈര്യം പകരുന്ന വിശ്വാസമാണിത്. അങ്ങനെ 1500 പേരടങ്ങുന്ന സൈന്യവുമായി നബിﷺ ബദ്റിലേക്ക് പുറപ്പെട്ടു. എന്നാൽ അബൂ സുഫ്‌യാൻ വന്നില്ല. മുസ്‌ലിംകൾ ഏറ്റുമുട്ടലില്ലാതെ മടങ്ങുകയും ചെയ്തു. ഇത് മുസ്‌ലിംകൾക്ക് കൂടുതൽ ധൈര്യം നൽകാനും അബൂസുഫ്‌യാനും സംഘത്തിനും കൂടുതൽ അപമാനമുണ്ടാക്കാനും ഇടയായി.

ബദ്റിൽ രണ്ടാമത് എത്തിയ നബിﷺക്കും സ്വഹാബിമാർക്കും ശത്രുക്കൾ വരാത്തതിനാൽ വമ്പിച്ച കച്ചവടം നടത്തി മടങ്ങാൻ സാധിച്ചു. ഇത് ‘ബദ്റുസ്സ്വുഗ്റാ’ അഥവാ ‘ചെറിയ ബദ്ർ’ എന്ന പേരിലാണ് അറിയപ്പെടുന്നത്. ചുരുക്കത്തിൽ ഉഹ്ദിൽ മുസ്‌ലിംകൾ പരാജയപ്പെടുകയും ശത്രുക്കൾ വിജയിക്കുകയും ചെയ്തെങ്കിലും ധൈര്യവും വീര്യവും മുസ്‌ലിംകൾക്കും അപമാനവും നാണക്കേടും ശത്രുക്കൾക്കുമാണ് ഉണ്ടായത്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 53, ഭാഗം 1

# അന്നജ്മ് (നക്ഷത്രം)

(മക്കയിൽ അവതരിച്ചത്)

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

وَالنَّجْمِ إِذَا هَوَىٰ ﴿١﴾
مَا ضَلَّ صَاحِبُكُمْ وَمَا غَوَىٰ ﴿٢﴾
وَمَا يَنطِقُ عَنِ الْهَوَىٰ ﴿٣﴾
إِنْ هُوَ إِلَّا وَحْيٌ يُوحَىٰ ﴿٤﴾
عَلَّمَهُ شَدِيدُ الْقُوَىٰ ﴿٥﴾
ذُو مِرَّةٍ فَاسْتَوَىٰ ﴿٦﴾
وَهُوَ بِالْأُفُقِ الْأَعْلَىٰ ﴿٧﴾
ثُمَّ دَنَا فَتَدَلَّىٰ ﴿٨﴾
فَكَانَ قَابَ قَوْسَيْنِ أَوْ أَدْنَىٰ ﴿٩﴾
فَأَوْحَىٰ إِلَىٰ عَبْدِهِ مَا أَوْحَىٰ ﴿١٠﴾
مَا كَذَبَ الْفُؤَادُ مَا رَأَىٰ ﴿١١﴾
أَفَتُمَارُونَهُ عَلَىٰ مَا يَرَىٰ ﴿١٢﴾
وَلَقَدْ رَآهُ نَزْلَةً أُخْرَىٰ ﴿١٣﴾
عِندَ سِدْرَةِ الْمُنتَهَىٰ ﴿١٤﴾

1. നക്ഷത്രം അസ്തമിക്കുമ്പോൾ അതിനെ തന്നെയാണ, സത്യം.
2. നിങ്ങളുടെ കൂട്ടുകാരൻ വഴിതെറ്റിയിട്ടില്ല. ദുർമാർഗിയായിട്ടുമില്ല.
3. അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല.
4. അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉൽബോധനം മാത്രമാകുന്നു.
5. ശക്തിമത്തായ കഴിവുള്ളവനാണ് (ജിബ്രീൽ എന്ന മലക്കാണ്) അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്.
6. കരുത്തുള്ള ഒരു വ്യക്തി. അങ്ങനെ അദ്ദേഹം (സാക്ഷാൽ രൂപത്തിൽ) നിലകൊണ്ടു.
7. അദ്ദേഹമാകട്ടെ അത്യുന്നതമായ മണ്ഡലത്തിലായിരുന്നു.
8. പിന്നെ അദ്ദേഹം അടുത്തു വന്നു. അങ്ങനെ കൂടുതൽ അടുത്തു.
9. അങ്ങനെ അദ്ദേഹം രണ്ടു വില്ലുകളുടെ അകലത്തിലോ അതിനെക്കാൾ അടുത്തോ ആയിരുന്നു.
10. അപ്പോൾ അവൻ (അല്ലാഹു) തന്റെ ദാസന് അവൻ ബോധനം നൽകിയതെല്ലാം ബോധനം നൽകി.
11. അദ്ദേഹം കണ്ട ആ കാഴ്ച (അദ്ദേഹത്തിന്റെ) ഹൃദയം നിഷേധിച്ചിട്ടില്ല.
12. എന്നിരിക്കെ അദ്ദേഹം (നേരിൽ) കാണുന്നതിന്റെ പേരിൽ നിങ്ങൾ അദ്ദേഹത്തോട് തർക്കിക്കുകയാണോ?
13. മറ്റൊരു ഇറക്കത്തിലും അദ്ദേഹം മലക്കിനെ കണ്ടിട്ടുണ്ട്.
14. അറ്റത്തെ ഇലന്തമരത്തിനടുത്ത് വെച്ച്

| | |
|---|---|
| 15. അതിന്നടുത്താകുന്നു താമസിക്കാനുള്ള സ്വർഗം. | عِندَهَا جَنَّةُ الْمَأْوَىٰ ﴿١٥﴾ |
| 16. ആ ഇലന്തമരത്തെ ആവരണം ചെയ്യുന്നതൊക്കെ അതിനെ ആവരണം ചെയ്തിരുന്നപ്പോൾ. | إِذْ يَغْشَى السِّدْرَةَ مَا يَغْشَىٰ ﴿١٦﴾ |
| 17. (നബിയുടെ) ദൃഷ്ടി തെറ്റിപ്പോയിട്ടില്ല. അതിക്രമിച്ചുപോയിട്ടുമില്ല. | مَا زَاغَ الْبَصَرُ وَمَا طَغَىٰ ﴿١٧﴾ |
| 18. തീർച്ചയായും തന്റെ രക്ഷിതാവിന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹം കാണുകയുണ്ടായി. | لَقَدْ رَأَىٰ مِنْ آيَاتِ رَبِّهِ الْكُبْرَىٰ ﴿١٨﴾ |

1. അല്ലാഹു നക്ഷത്രത്തെക്കൊണ്ട് സത്യം ചെയ്യുന്നു. താഴ്ന്നുവരുന്ന (അസ്തമിക്കുന്ന) സന്ദർഭത്തെക്കൊണ്ട്. അതായത്, പകൽ വരികയും രാത്രി പിന്നിടുകയും ചെയ്യുന്ന രാത്രിയുടെ അവസാന സമയത്ത് ചക്രവാളത്തിൽ അത് അസ്തമിക്കുന്ന സമയം. സത്യം ചെയ്തുപറയാൻ മാത്രം മഹത്തായൊരു ദൃഷ്ടാന്തമാണത്. ഇവിടെ നക്ഷത്രമെന്നത് നക്ഷത്ര സമൂഹത്തെ മുഴുവൻ ഉൾക്കൊള്ളുന്ന ഒരു വർഗനാമമാണെന്നതാണ് ശരി. നക്ഷത്രങ്ങളെക്കൊണ്ട് സത്യം ചെയ്തുകൊണ്ട് സ്ഥാപിക്കുന്നത് ദൈവിക സന്ദേശമായി നബിﷺ കൊണ്ടുവന്നതിന്റെ സത്യതയാണ്. അവ തമ്മിൽ അത്ഭുതകരമായ ബന്ധമുണ്ട്. അല്ലാഹു നക്ഷത്രങ്ങളെ ആകാശത്തിന് അലങ്കാരമാക്കി. ദിവ്യസന്ദേശവും അതിന്റെ ഫലങ്ങളും ഭൂമിക്കുള്ള അലങ്കാരവുമാക്കി. പ്രവാചകന്മാർ അനന്തരമാക്കിയ അറിവില്ലായിരുന്നുവെങ്കിൽ ജനങ്ങൾ കൂരിരുട്ടുള്ള രാത്രിയുടെ അന്ധകാരത്തെക്കാൾ വലിയ ഇരുട്ടിലാകുമായിരുന്നു.

2. തന്റെ ലക്ഷ്യത്തിൽ പിഴവ് പറ്റാത്തവനും അറിവിൽ തെറ്റ് സംഭവിക്കാത്തവനുമാണെന്നാണ് പ്രവാചകനെ പരിശുദ്ധിപ്പെടുത്തിക്കൊണ്ട് ഇവിടെ സത്യം ചെയ്ത് പറയുന്നത്. ഇതിൽനിന്ന് നിർബന്ധമായും മനസ്സിലാകുന്ന കാര്യം നേരായ അറിവ് സ്വീകരിച്ചവനും പടപ്പുകളോട് ഗുണകാംക്ഷയുള്ള, ഉദ്ദേശ്യശുദ്ധിയുള്ള വഴികാട്ടിയുമാണ് അദ്ദേഹമെന്നതാണ്. ഉദ്ദേശ്യത്തിൽ പിഴവും അറിവിൽ തെറ്റും സംഭവിക്കാത്ത പരിശുദ്ധി അദ്ദേഹം പറഞ്ഞത് (നിങ്ങളുടെ കൂട്ടുകാരൻ) അദ്ദേഹത്തെക്കുറിച്ച് അവർക്കൊരു അവ്യക്തതയില്ലെന്നും അദ്ദേഹത്തിന്റെ സത്യസന്ധതയും സന്മാർഗവും അവർക്ക് അറിയാവുന്നത് തന്നെയാണെന്ന് അവരെ ഉണർത്താൻ വേണ്ടിയാണിങ്ങനെ പറഞ്ഞത് എന്നുമാണ്.

3-4. (അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല). അദ്ദേഹത്തിന്റെ സംസാരം സ്വന്തം മനസ്സിന്റെ താൽപര്യത്തിൽനിന്നുണ്ടാവുന്നതല്ല. (അത് അദ്ദേഹത്തിന് ദിവ്യസന്ദേശമായി നൽകപ്പെടുന്ന ഒരു ഉദ്ബോധനം മാത്രമാകുന്നു). തന്റെ കാര്യത്തിലാണെങ്കിലും മറ്റുള്ളവരുടെ കാര്യത്തിലാണെങ്കിലും, ധർമനിഷ്ഠയിൽനിന്നും സന്മാർഗത്തിൽനിന്നും തനിക്ക് ദിവ്യസന്ദേശമായി കിട്ടുന്നതിനെ മാത്രമെ അദ്ദേഹം പിൻപറ്റുന്നുള്ളൂ. സുന്നത്തെന്നത് പ്രവാചകന് അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള വഹ്‌യ് തന്നെയാണെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അല്ലാഹു പറയുന്നു:

وَأَنزَلَ ٱللَّهُ عَلَيْكَ ٱلْكِتَـٰبَ وَٱلْحِكْمَةَ

"അല്ലാഹു നിനക്ക് വേദവും ജ്ഞാനവും അവതരിപ്പിച്ച് തരികയും ചെയ്തു" (4:113).

അല്ലാഹുവിനെക്കുറിച്ചും അവന്റെ മതത്തെക്കുറിച്ചും പ്രവാചകൻ അറിയിച്ചു തരുന്നതിലെല്ലാം അദ്ദേഹം തെറ്റ് പറ്റാത്തവനാകുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ സ്വന്തം താല്പര്യപ്രകാരം പറയുന്നതല്ല. അത് ദിവ്യസന്ദേശമായി നൽകപ്പെടുന്നത് മാത്രമാണ്.

5. തുടർന്ന് പറയുന്നത് ജിബ്‌രീൽﷺ ആണ് പ്രവാചകന്റെ ഗുരുനാഥൻ എന്നാണ്. മലക്കുകളിൽ ഏറെ ശ്രേഷ്ഠനും ശക്തനും പൂർണനും. അല്ലാഹു പറയുന്നു: (ശക്തിമത്തായ കഴിവുള്ളവനാണ് അദ്ദേഹത്തെ പഠിപ്പിച്ചിട്ടുള്ളത്). അതായത് ദിവ്യസന്ദേശവുമായി പ്രവാചകനിലേക്കിറങ്ങിയ ജിബ്‌രീൽﷺ ശക്തിമത്തായവനാണ്. ബാഹ്യവും ആന്തരികവുമായ ശക്തി. അല്ലാഹു നടപ്പിലാക്കാൻ പറഞ്ഞത് നടപ്പിലാക്കാനുള്ള ശക്തി. പിശാചുക്കൾ കവർന്നെടുക്കാതെയും കടത്തിക്കൂട്ടാതെയും വഹ്‌യ് പ്രവാചകന് എത്തിച്ചുകൊടുക്കാനുള്ള ശക്തി. വിശ്വസ്തനും ശക്തനുമായ ഈ ദൂതൻ വഴി വഹ്‌യ് എത്തിച്ചുകൊടുക്കുന്നതിലൂടെ അല്ലാഹു ഈ വഹ്‌യിനെ സംരക്ഷിക്കുന്നു.

6. (കരുത്തുള്ള ഒരു വ്യക്തി). ശക്തിയും നല്ല സ്വഭാവവും ബാഹ്യവും ആന്തരികവുമായ സൗന്ദര്യവും ഉള്ളവൻ. (സാക്ഷാൽ രൂപത്തിൽ നിലകൊണ്ടു) ജിബ്‌രീൽ.

7. (അദ്ദേഹമാകട്ടെ അത്യുന്നതമായ മണ്ഡല

ത്തിലായിരുന്നു). ഭൂമിയെക്കാളും ഉയർന്ന് ആ കാശത്തിന്റെ ചക്രവാളത്തിൽ ഉപരിയിലെ ആത്മാക്കളിൽ പെട്ടവൻ. പിശാചുക്കൾക്ക് പ്രാപിക്കാനാവാത്ത, എത്തിപ്പെടാൻ സാധിക്കാത്തിടം.

8. (പിന്നെ അദ്ദേഹം അടുത്തുവന്നു). വഹ്‌യെത്തിക്കാൻ ജിബ്‌രീൽ(അ) നബിയുടെ അടുത്ത് (അങ്ങനെ കൂടുതൽ അടുത്തു). ഉന്നത ചക്രവാളത്തിൽനിന്ന് അദ്ദേഹത്തിലേക്ക്.

9. (അങ്ങനെ അദ്ദേഹം ആയിരുന്നു). സാമീപ്യത്തിൽ. (രണ്ട് വില്ലുകളുടെ അകലത്തിൽ) രണ്ട് വില്ലുകളുടെ അകലം. പ്രവാചകത്വവും കൊണ്ട് പ്രവാചകനിലേക്ക് നേർക്കുനേരെ എത്തുന്നതിന്റെ പൂർണതയെക്കുറിക്കുന്നു. ജിബ്‌രീലി(അ)ന്റെയും അദ്ദേഹത്തിന്റെയും ഇടയിൽ മധ്യവർത്തികളില്ലെന്നർഥം.

10. (അപ്പോൾ ബോധനം നൽകി). അല്ലാഹു ജിബ്‌രീൽ(അ) മുഖേന. (തന്റെ ദാസന് ബോധനം നൽകിയതെല്ലാം) ഏറ്റവും നേരായ വിവരങ്ങളും മഹത്തായ മതനിയമങ്ങളും അദ്ദേഹത്തിന് ബോധനമായി നൽകി. അതിനോട് അദ്ദേഹത്തിന്റെ കേൾവിയും കാഴ്ചയും ഹൃദയവും യോജിച്ചു. അല്ലാഹു പ്രവാചകന് നൽകിയ സമ്പൂർണ വഹ്‌യിന്റെ തെളിവാണിത്. അദ്ദേഹമാകട്ടെ, അതിനെ സംശയമോ ശങ്കയോ ആശയക്കുഴപ്പങ്ങളോ ഇല്ലാതെ സ്വീകരിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ കണ്ടതിനെ ഹൃദയം കളവാക്കിയില്ല. അതിൽ സംശയിച്ചതുമില്ല.

ഒരു പക്ഷേ, ഇത് ഇസ്‌റാഇന്റെ രാത്രിയിൽ കണ്ട മഹത്തായ ദൃഷ്ടാന്തങ്ങളാകാം. തന്റെ കാഴ്ച കൊണ്ടും ഹൃദയംകൊണ്ടും അത് സ ത്യമാണെന്നുറപ്പിച്ചു. ഈ പരിശുദ്ധ വചനങ്ങളുടെ വ്യാഖ്യാനത്തിൽ ഇത് ശരിയായി വന്നിട്ടുണ്ട്. മറ്റൊരർഥം: ഈ വചനത്തിന്റെ ഉദ്ദേശ്യം ഇസ്‌റാഇന്റെ രാത്രിയിൽ നബി(സ) തന്റെ രക്ഷിതാവിനെ കാണുകയും സംസാരിക്കുക യും ചെയ്തതിനെക്കുറിച്ചാണ്. ഇതാണ് അധികം പണ്ഡിതന്മാരും സ്വീകരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ഇഹലോകത്തുവെച്ച് നബി(സ) തന്റെ രക്ഷിതാവിനെ കണ്ടെന്നും അവർ സ്ഥാപിക്കുന്നു.

എന്നാൽ ആദ്യത്തെതാണ് ശരി. ഇതിന്റെ ഉദ്ദേശ്യം നബി(സ) ജിബ്‌രീൽ(അ)നെ കണ്ടു എന്നതാണ്. സന്ദർഭത്തിൽനിന്ന് മനസ്സിലാകുന്നതുപോലെ, തനതായ രൂപത്തിൽ ജിബ്‌രീലി(അ)നെ നബി(സ) രണ്ടുപ്രാവശ്യം കണ്ടു. ഒന്ന്, നേരത്തെ പറഞ്ഞതുപോലെ ഉന്നത ചക്രവാളത്തിൽ ഒന്നാനാകാശത്തുവെച്ച്. രണ്ടാമത്തേത് ഏഴാനാകാശത്തിന് മുകളിൽ ഇസ്‌റാഇന്റെ രാത്രിയിലും.

13-14. അതാണ് അല്ലാഹു പറഞ്ഞത്: (മറ്റൊരു ഇറക്കത്തിലും അദ്ദേഹം ആ മലക്കിനെ കണ്ടിട്ടുണ്ട്). അതായത് മുഹമ്മദ് നബി(സ) മറ്റൊരിക്കലും ജിബ്‌രീൽ(അ) തന്നിലേക്ക് ഇറങ്ങിവന്നതായി കണ്ടു. (അറ്റത്തെ ഇലന്തമരത്തിനടുത്തുവെച്ച്). ഏഴാകാശത്തിന്നപ്പുറത്തുവെച്ച് മഹത്തായ ഒരു വൃക്ഷത്തിനടുത്ത്. ഭൂമിയിൽനിന്ന് കയറിയെത്തുന്നതിന്റെ അവസാനത്തിലുള്ളത് എന്നർഥത്തിലാണ് സിദ്‌റത്തുൽ മുൻതഹാ(അറ്റത്തെ ഇലന്തമരം) എന്ന് പേര് നൽകപ്പെട്ടത്. അവിടംവരെ മാത്രമേ പടപ്പുകളുടെ അറിവ് എത്തുകയുള്ളൂ. അല്ലെങ്കിൽ ഉന്നതി അവസാനിക്കുന്നിടം ആകാശഭൂമികൾക്ക് മുകളിൽ എന്നതും ഉദ്ദേശ്യമാകാം. മറ്റ് പല ഉദ്ദേശ്യങ്ങളുമുണ്ടാകാം (അല്ലാഹുവിന്നറിയാം). മനോഹരവും പരിശുദ്ധവുമായ ഉന്നതാത്മാക്കളുടെ സ്ഥാനത്തുവെച്ച് മുഹമ്മദ് നബി(സ) ജിബ്‌രീലി(അ)നെ കണ്ടു. ഒരു ദുഷിച്ച ആത്മാവും പിശാചും അവിടേക്ക് അടുക്കുകയില്ല.

15. ആ മരത്തിന്റെ അടുക്കലാണ്(താമസിക്കാനുള്ള സ്വർഗം) എല്ലാ സുഖാനുഗ്രഹങ്ങളുമുള്ള സ്വർഗം. എല്ലാ മോഹങ്ങളും സാക്ഷാത്കരിക്കുന്ന സ്ഥലം. എല്ലാ ഉദ്ദേശ്യങ്ങളുടെയും ലക്ഷ്യമതാണ്. എല്ലാ ആഗ്രഹങ്ങളും അവിടെ ചെന്നുചേരുന്നു. ഏഴ് ആകാശങ്ങൾക്ക് മുകളിലാണ് സ്വർഗത്തിന്റെ സ്ഥാനമെന്നും ഇതിൽ നിന്ന് മനസ്സിലാക്കാം.

16. (ആ ഇലന്തമരത്തെ ആവരണം ചെയ്യുന്നതൊക്കെ അതിനെ ആവരണം ചെയ്തിരുന്നപ്പോൾ). അല്ലാഹുവിന് മാത്രമറിയുന്ന ഉന്നതമായ ഒട്ടനവധി കാര്യങ്ങൾ വലയം ചെയ്തതാണത്.

17. (നബിയുടെ ദൃഷ്ടി തെറ്റിപ്പോയിട്ടില്ല). അതായത് തന്റെ ലക്ഷ്യത്തിൽനിന്നും ഇടത്തോട്ടോ വലത്തോട്ടോ അത് തെറ്റിപ്പോയിട്ടില്ല. (അതിക്രമിച്ച് പോയിട്ടുമില്ല). ദൃഷ്ടി വിട്ട് കണ്ടിട്ടില്ല. ഇത് നബി(സ)യുടെ സ്വഭാവ സംസ്കാരത്തിന്റെ വിശിഷ്ടതയെക്കുറിക്കുന്നു. അല്ലാഹു നിർത്തിയേടത്ത് നിൽക്കുന്നു. അതിൽ കുറവ് വരുത്തുകയോ അതിരുവിടുകയോ ചെയ്യുന്നില്ല. ഇത് മര്യാദയുടെ പൂർണതയാണ്. പിൽക്കാലക്കാരിലും പൂർവികരിലും അദ്ദേഹം അതിൽ മികച്ചുനിന്നു. സാധാരണ പിഴവുകൾ വരുത്തുന്നത് താഴെ പറയുന്നതിൽ ഏതെങ്കിലും ഒരു രൂപത്തിലായിരിക്കും: ഒന്നുകിൽ കൽപിച്ചത് ചെയ്യാതിരിക്കുക. അല്ലെങ്കിൽ നിർദേശിച്ചതിനപ്പുറം ചെയ്യുക. അതുമല്ലെങ്കിൽ നിർദേശിച്ചതിൽ ഏതെങ്കിലും ഒരുവശം (ഇടതോ വലതോ) വ്യതിചലിച്ചുപോവുക. ഇതൊന്നും നബി(സ)ക്ക് സംഭവിച്ചിട്ടില്ല.

18. (തീർച്ചയായും തന്റെ രക്ഷിതാവിന്റെ അതിമഹത്തായ ദൃഷ്ടാന്തങ്ങളിൽ ചിലത് അദ്ദേഹം കാണുകയുണ്ടായി). രാപ്രയാണം(ഇസ്‌റാഅ്) നടന്ന രാത്രിയിൽ സ്വർഗവും നരകവും മറ്റനേകം കാഴ്ചകളും നബി(സ) കണ്ടു.

അബൂഫായിദ
mail@nerpatham.com

ലേഖനം




# നബിദിനാഘോഷത്തിലെ ഇസ്‌ലാമും ഇസ്‌ലാമിലെ പ്രവാചക സ്‌നേഹവും

റബീഉൽ അവ്വൽ മാസം പിറന്നതോടെ നബിദിനാഘോഷത്തിന്റെ പോരിശകൾ പറഞ്ഞുള്ള സന്ദേശങ്ങളും പോസ്റ്ററുകളും മൗലിദ് ഗാനങ്ങളും സാമൂഹ്യമാധ്യമങ്ങളിൽ ആഞ്ഞുവീശുകയാണ്. വീടുകൾ പലവർണ ബൾബുകളാൽ അലംകൃതമാക്കുവാൻ നിർദേശിച്ചുകൊണ്ടുള്ള ഒരു വീഡിയോ ക്ലിപ്പും കാണുവാനിടയായി. ഇത് മതത്തിൽ തെളിവില്ലാത്ത പുത്തനാചാരമാണെന്ന് വ്യക്തമാണെങ്കിലും ഒരു വാശിയെന്നോണം ഓരോ വർഷം കഴിയുംതോറും കൂടുതൽ ഗംഭീരമായി ആഘോഷിക്കുകയാണ് ജനങ്ങൾ; പണ്ഡിതന്മാർ അതിനുവേണ്ട എല്ലാവിധ പ്രോത്സാഹനം നൽകുകയും 'സ്വർഗം ലഭിക്കാനുള്ള' സൽകർമമായി പരിചയപ്പെടുത്തുകയും ചെയ്യുന്നു!

വർഷത്തിലൊരിക്കൽ 'മീലാദുന്നബി' ആഘോഷിച്ചാൽ യഥാർഥ പ്രവാചക സ്നേഹമായി എന്ന് വിശ്വസിക്കുന്നവരാണ് ഇന്നും സമൂഹത്തിലെ നല്ലൊരു ശതമാനവും! അതിന് മതത്തിൽ തെളിവുണ്ടോ ഇല്ലേ എന്ന ചർച്ച പോലും അവർക്ക് അസഹനീയമാണ്. അങ്ങനെയാണ് മതം പഠിപ്പിക്കുന്നവർ(?) അവർക്ക് പകർന്നു നൽകിയിരിക്കുന്ന ബോധം! തെളിവുണ്ടോ ഇല്ലേ എന്ന് അന്വേഷിക്കുന്നത് പോലും പ്രവാചകനിന്ദയാണ് എന്ന് സാധാരണക്കാരെ വിശ്വസിപ്പിച്ചാൽ പിന്നെ അതിനെതിരായി എന്ത് തെളിവ് നൽകിയാലും ഫലമുണ്ടാകില്ലല്ലോ! അത് കേൾക്കാനും അവർ മനസ്സു കാണിക്കില്ല.

ഇന്നയിന്ന രാഷ്ട്രങ്ങളിലൊക്കെ മീലാദുന്നബി ആഘോഷിക്കുന്നുണ്ട്; ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആഘോഷിക്കുന്നുണ്ട്. കേരളത്തിലെ മുജാഹിദുകൾ മാത്രമാണ് അത് പാടില്ലെന്നു പറയുന്നത് എന്നാണ് ഇപ്പോൾ സാധാരണക്കാർ ഈ വിഷയം സംസാരിക്കുമ്പോൾ പറയുന്നത്! അതിന് തെളിവെന്നോണം വാട്സാപ്പ് വഴി വിവിധ രാജ്യങ്ങളിൽ മീലാദുന്നബി ആഘോഷിക്കുന്നതിന്റെ വീഡിയോ ക്ലിപ്പുകളും പ്രചരിപ്പിക്കുന്നുണ്ട്!

ഇസ്‌ലാമിൽ ഒരു കാര്യം ഇബാദത്താകുന്നത് അത് ലോകത്ത് ഏതൊക്കെ രാജ്യങ്ങളിൽ അനുഷ്ഠിക്കുന്നു എന്ന് നോക്കിയോ, ഭൂരിപക്ഷം ജനങ്ങളും ആചരിക്കുന്നുണ്ടോ എന്ന് നോക്കിയോ അല്ലല്ലോ! അത് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ടോ എന്നാണല്ലോ പരിശോധിക്കേണ്ടത്. എന്നാൽ ഇങ്ങനെ ചിന്തിക്കാൻ മതത്തെക്കുറിച്ച അടിസ്ഥാനപരമായ വിവരം പോലുമില്ലാത്തവർക്ക് എങ്ങനെ കഴിയും?

ജനങ്ങളുടെ യാത്രക്ക് പ്രയാസം സൃഷ്ടിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും നടത്തുന്ന ഘോഷയാത്രയുടെ ഇസ്‌ലാമിക മാനമെന്താണ്? സ്ത്രീകൾ പള്ളിയിൽ പോയി നമസ്കരിക്കുന്നത് വലിയ ഫിത്നയായി കാണുന്നവർ മീലാദുന്നബിക്ക് നടക്കുന്ന സ്ത്രീ-പുരുഷ കൂടിക്കലരൽ കണ്ടില്ലെന്നു നടിക്കുന്നു. യുവാക്കൾ നടത്തുന്ന ആഭാസകരമായ 'ചാടിക്കളി'യും ക്രൈസ്തവരുടെ ഉണ്ണിയേശുവിനെ അനുസ്മരിപ്പിക്കുംവിധം ഒട്ടകപ്പുറത്ത് 'ഉണ്ണിമുഹമ്മദി'നെ വഹിച്ചുകൊണ്ട് പോകുന്ന രംഗവും ഇതൊക്കെ ഭയഭക്തി ബഹുമാനത്തോടെ റോഡുവക്കിൽ നിന്ന് നോക്കിക്കാണുന്ന സ്ത്രീസമൂഹത്തെയുമൊക്കെ കാണുമ്പോൾ പടച്ചവനേ, ഇതൊക്കെ ദീനിന്റെ പേരിലാണല്ലോ എന്ന് വേദനയോടെ പറഞ്ഞുപോകും.

'മനുഷ്യ സ്നേഹത്തിന്റെ മകുടോദാഹരണമായ മുത്ത്നബി ഭൂജാതനായതിന്റെ മഹത്തായ സ്മരണയുമായി...' വർഷങ്ങൾക്കു മുമ്പ് മലപ്പുറം ജില്ലയിൽ നടന്ന ഒരു നബിദിന ഘോഷയാത്രയിൽ ഉയർന്നുകേട്ട വാക്കുകളാണിത്! ആ സമയം ഈയുള്ളവൻ സഞ്ചരിക്കുന്ന ബസ് 'നബിദിന'ക്കാർ സൃഷ്ടിച്ച ബ്ലോക്കിൽ പെട്ട് മുന്നോട്ടു പോകാനാവാതെ നിൽക്കുകയായിരുന്നു! യാത്രക്കാരുടെ മുറുമുറുപ്പിൽ പ്രവാചകനോടുള്ള വെറുപ്പ് നിറഞ്ഞു നിന്നിരുന്നുവെങ്കിൽ ആ വെറുപ്പിന് കാരണക്കാരായവരെ അല്ലാഹു വെറുതെ വിടുമോ?

> “ജനങ്ങളുടെ യാത്രക്ക് പ്രയാസം സൃഷ്ടിച്ചും മുദ്രാവാക്യങ്ങൾ മുഴക്കിയും നടത്തുന്ന ഘോഷയാത്രയുടെ ഇസ്‌ലാമിക മാനമെന്താണ്? സ്ത്രീകൾ പള്ളിയിൽ പോയി നമസ്കരിക്കുന്നത് വലിയ ഫിത്നയായി കാണുന്നവർ മീലാദുന്നബിക്ക് നടക്കുന്ന സ്ത്രീ-പുരുഷ കൂടിക്കലരൽ കണ്ടില്ലെന്നു നടിക്കുന്നു. യുവാക്കൾ നടത്തുന്ന ആഭാസകരമായ 'ചാടിക്കളി'യും ക്രൈസ്തവരുടെ ഉണ്ണിയേശുവിനെ അനുസ്മരിപ്പിക്കുംവിധം ഒട്ടകപ്പുറത്ത് 'ഉണ്ണിമുഹമ്മദി'നെ വഹിച്ചുകൊണ്ട് പോകുന്ന രംഗവും ഇതൊക്കെ ഭയഭക്തി ബഹുമാനത്തോടെ റോഡുവക്കിൽ നിന്ന് നോക്കിക്കാണുന്ന സ്ത്രീസമൂഹത്തെയുമൊക്കെ കാണുമ്പോൾ പടച്ചവനേ, ഇതൊക്കെ ദീനിന്റെ പേരിലാണല്ലോ എന്ന് വേദനയോടെ പറഞ്ഞുപോകും.”

അല്ലാഹുവിന്റെ റസൂലിന്റെ കൽപനാനിർദേശങ്ങൾക്ക് വിരുദ്ധമല്ലേ ഈ വഴിതടയലും അനുബന്ധ ചടങ്ങുകളും? അത്രമാത്രം പുണ്യകരമാണ് നബിദിനാഘോഷമെങ്കിൽ എന്തുകൊണ്ട് പ്രവാചകനും സ്വഹാബത്തും അത് നടപ്പിലാക്കിയില്ല? 'അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്ന് പ്രഖ്യാപിക്കുന്നവർക്ക് ആ പ്രവാചകനെ ധിക്കരിക്കുവാൻ അവകാശമുണ്ടോ? റസൂലിനെ ധിക്കരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിക്കുക കൂടിയല്ലേ ചെയ്യുന്നത്?

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

ഈ വചനത്തിന്റെ വിവരണത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞിട്ടുള്ളത്; അല്ലാഹുവിലേക്ക് മടക്കണം എന്നതിന്റെ വിവക്ഷ അല്ലാഹുവിന്റെ ഗ്രന്ഥ(ക്വുർആനിലേക്ക്)ത്തിലേക്ക് എന്നാണ്. നബിﷺയിലേക്ക് മടക്കണമെന്ന് പറഞ്ഞതിന്റെ വിവക്ഷ പ്രവാചക നിയോഗശേഷം അവിടുത്തെ സുന്നത്തിലേക്ക് മടക്കണം എന്നുമാണ്.


വിശുദ്ധ ക്വുർആനിൽ നബിദിനാഘോഷത്തിന് തെളിവില്ല. മുഹമ്മദ് നബിﷺ സ്വന്തം ജന്മദിനം കൊണ്ടാടിയിട്ടില്ല; മറ്റു പ്രവാചകന്മാരുടെ മൗലിദ് കഴിക്കുകയോ അതിന് നിർദേശിക്കുകയോ ചെയ്തിട്ടുമില്ല. സ്വഹാബികളാരും ആരുടെയെങ്കിലും ജന്മദിനം ആഘോഷിച്ചതായി യാതൊരു തെളിവുമില്ല! അതുകൊണ്ടുതന്നെ ഇത് പുത്തനാചാരമാണ് എന്നതിൽ സംശയമില്ല. ശൈഖ് ഫൗസാൻ ബിദ്അത്തിനെക്കുറിച്ചെഴുതിയ ലഘുകൃതിയിൽ പറയുന്നു:

"മുസ്‌ലിം സമൂഹത്തിലെ ചില മൂഢൻമാർ അല്ലെങ്കിൽ വഴിപിഴപ്പിക്കുന്ന പണ്ഡിതന്മാർ മുഹമ്മദ് നബിﷺയുടെ ജന്മദിനമെന്ന പേരിൽ എല്ലാവർഷവും റബീഉൽ അവ്വൽ മാസത്തെ ആഘോഷമാക്കുന്നു. അവരിലെ ചിലർ ഈ ആഘോഷം പള്ളികളിൽവെച്ച് ആഘോഷിക്കുന്നു. മറ്റുചിലർ വീടുകളിലും അതല്ലെങ്കിൽ പ്രത്യേകം തയാറാക്കപ്പെട്ട സ്ഥലങ്ങളിൽവെച്ചും നടത്തുന്നവരാണ്."

"ഈ ആഘോഷത്തിൽ സാധാരണക്കാരും വിവരമില്ലാത്തവരുമായ ഒരുകൂട്ടം ജനങ്ങൾ പങ്കെടുക്കുന്നു. ക്രിസ്ത്യാനികൾ ഈസാനബിعليه السلامയുടെ ജന്മദിനമാണെന്ന് വാദിച്ച് ക്രിസ്മസ് ആഘോഷിക്കുന്നു. ഇതിനോട് സാമ്യത പുലർത്തിക്കൊണ്ട് ഇക്കൂട്ടരും ഇത്തരം പുതുനിർമിതികൾ നടത്തി. ഈ ആഘോഷം പുത്തനാചാരവും ക്രൈസ്തവരോട് സാദൃശ്യപ്പെടലുമാണ്, മാത്രമല്ല അത് ശിർക്കും നിഷിദ്ധവുമായ പ്രവർത്തനങ്ങൾ അടങ്ങിയതുമാണ്."

"അല്ലാഹുവിന് പുറമെ പ്രവാചകനെ വിളിച്ച് പ്രാർഥിക്കുകയും സഹായം തേടുകയും ചെയ്യുന്ന രൂപത്തിൽ പ്രവാചകൻ അർഹിക്കുന്നതിലും അതിരുകവിഞ്ഞ കാവ്യങ്ങൾ നിർമിച്ചുകൊണ്ടാണ് ഇത്തരം ആളുകൾ വഴിപിഴച്ചത്. എന്നാൽ നബിﷺ ആകട്ടെ അദ്ദേഹത്തെ അതിരുവിട്ട് പ്രശംസിക്കുന്നത് വിലക്കിയിട്ടുണ്ട്. നബിﷺ പറഞ്ഞു: 'ക്രിസ്ത്യാനികൾ മറിയമിന്റെ പുത്രനെ അമിതമായി പുകഴ്ത്തിയതുപോലെ എന്നെ നിങ്ങൾ അമിതമായി പുകഴ്ത്തരുത്. തീർച്ചയായും ഞാനൊരു ദാസനാണ്. അതിനാൽ അല്ലാഹുവിന്റെ ദാസനും അവന്റെ റസൂലും എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക."

"...ഈ ആഘോഷങ്ങളെ അനുഗമിക്കുന്ന ഹീനകൃത്യങ്ങളിൽപെട്ടതാണ് സംഗീതത്തിന്റെ അകമ്പടിയോടെയുള്ള ഗാനങ്ങൾ, ചെണ്ടമേള, സ്വൂഫികളുടെ പുത്തൻനിർമിതികളായ പ്രാർഥനകൾ നിർവഹിക്കൽ തുടങ്ങിയവ. സ്ത്രീ-പുരുഷ ഇടകലരൽ ഇത്തരം ആഘോഷങ്ങളിൽ ഉണ്ടാകാറുണ്ട്. ഇനി അവർ വാദിക്കാറുള്ളത് പോലെ ഈ ആഘോഷം ഇത്തരത്തിലുള്ള വിപത്തുകളിൽനിന്ന് ഒഴിവാകുകയും ഒരുമിച്ച്കൂടുക, ഭക്ഷണം കഴിക്കുക, സന്തോഷം പ്രകടിപ്പിക്കുക എന്നിവയുടെമേൽ പരിമിതപ്പെടുകയും ചെയ്താലും ശരി ഈ ആഘോഷം പുത്തനാചാരമാണ്. നബിﷺ പറഞ്ഞു:'എല്ലാ പുതുനിർമിതികളും പുത്തനാചാരമാണ്. എല്ലാ പുത്തനാചാരങ്ങളും വഴികേടിലാണ്."



"അവരുടെ ന്യായം ഘട്ടംഘട്ടമായി പരിണമിച്ച് മറ്റ് ആഘോഷങ്ങളിൽ സംഭവിക്കാറുള്ള ഹീന കൃത്യങ്ങൾ ഇതിലും സംഭവിക്കും. ഈ ആഘോഷം ബിദ്അത്താണെന്ന് പറയാനുള്ള കാരണം ഇതിന് ക്വുർആനിലോ പ്രവാചകചര്യയിലോ സച്ചരിതരായ പൂർവസൂരികളുടെ പ്രവർത്തനങ്ങളിലോ ശ്രേഷ്ഠമായ നൂറ്റാണ്ടുകളിലോ ഇതിന് യാതൊരു അടിസ്ഥാനവുമില്ല എന്നതാണ്. ഹിജ്റ നാലാം നൂറ്റാണ്ടിനുശേഷം രംഗത്തുവന്ന പുത്തനാചാരമാണിത്. ഫാത്വിമിയാക്കളാണ് ഇത് നിർമിച്ചത്."

എന്നാൽ നബിﷺ പത്നി ഖദീജ്‌യുടെ മൗലിദ് കഴിച്ചിട്ടുണ്ട് എന്ന വ്യാജവാദം മൗലീദനുകൂലികൾ അവതരിപ്പിക്കാറുണ്ട്. സാധാരണക്കാർ അത് വലിയ തെളിവായി കൊണ്ടുനടക്കുന്നത് കാണാം. മറ്റു ഭാര്യമാരോട് ഖദീജ്‌യുടെ നന്മകൾ പറഞ്ഞതിനെയും ഖദീജ്‌യുടെ കൂട്ടുകാരികൾക്ക് അവിടുന്ന് ആടിനെ അറുത്ത് മാംസം വിതരണം ചെയ്തതിനെയുമാണ് ഇവർ മൗലിദായി വ്യാഖ്യാനിക്കുന്നത്! അതിന് ജന്മദിനവുമായി യാതൊരു ബന്ധവുമില്ലെന്ന് വ്യക്തമാണ്.

നബിﷺ ചെയ്യാൻ പറഞ്ഞതെല്ലാം നാം ചെയ്യേണ്ടതുണ്ട്. വർജിക്കാൻ പറഞ്ഞതെല്ലാം വർജിക്കേണ്ടതുണ്ട്. നബിദിനാഘോഷം നബിﷺയുടെ ചര്യയിൽ പെട്ടതല്ല എന്നും ഉത്തമമെന്ന് അവിടുന്ന് പ്രഖ്യാപിച്ച മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ഉണ്ടായതാണെന്നും ഇത് ആഘോഷിക്കുന്നവർ തന്നെ പലപ്പോഴും സമ്മതിക്കാറുണ്ട്! എങ്കിൽ മതത്തിൽ മാതൃകയില്ലാത്ത ഈ പരിപാടി അവസാനിപ്പിച്ചു കൂടേ?

ഇസ്‌ലാം മുസ്‌ലിംകൾക്ക് ആഘോഷിക്കാൻ രണ്ട് ആഘോഷങ്ങൾ മാത്രമാണ് നിശ്ചയിച്ചിട്ടുള്ളത്. ഫിത്വർ പെരുന്നാളും ബലിപെരുന്നാളുമാണവ. മതം പഠിപ്പിച്ച, റസൂലും സ്വഹാബിമാരും ആഘോഷിച്ച ഈ ആഘോഷങ്ങളെക്കാൾ മതം പഠിപ്പിക്കാത്ത, റസൂലിനും സ്വഹാബിമാർക്കും പരിചയമില്ലാത്ത നബിദിനാഘോഷത്തിന് മഹത്ത്വവും പുണ്യവുമുണ്ടെന്നുവരെ പണ്ഡിതന്മാർ ജനങ്ങളെ പഠിപ്പിക്കുന്നു എന്നത് ഗൗരവമുള്ള കാര്യമാണ്. ചില ഉദാഹരണങ്ങൾ കാണുക:

"ഒരു വർഷത്തിൽ ഏറ്റവും ശ്രേഷ്ഠമായ മാസം റമളാൻ ആണല്ലോ. ഇതിനെ കൂടാതെ യുദ്ധം ഹറാമാക്കിയ ശ്രേഷ്ഠമായ മാസം നാലെണ്ണമുണ്ടല്ലോ. ഈ ശ്രേഷ്ഠമായ മാസമൊന്നും കൂടാതെ എന്തുകൊണ്ടാണ് റബീഉൽ അവ്വലിൽ നബിﷺ ജനിക്കുവാൻ കാരണം?"

"കഴിഞ്ഞുപോയ രാത്രികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠമേറിയത് നബിﷺ ജനിച്ച രാത്രിയാകുന്നു. ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമേറിയതാണെന്ന് ഖുർആൻ പ്രസ്താവിച്ച ലൈലത്തുൽ ഖദ്റിനേക്കാൾ മഹത്വം ഉള്ളത് നബിﷺ ജനിച്ച രാത്രിക്കാണ് (ശർവാനി: 3/462). നബിﷺ ജനിച്ചത് ഏറ്റവും ശ്രേഷ്ഠമായ രാത്രിയിലായതുകൊണ്ട് ഈ ചോദ്യം അപ്രസക്തമാണ്" (ദ്വീപ് നാദം ദ്വൈവാരിക, 2004 ജൂൺ 1-15).

"അല്ലാഹു രാവും പകലും സൃഷ്ടിച്ചതു മുതൽ എത്രയോ ദിനരാത്രങ്ങൾ കഴിഞ്ഞുപോയി. അതിൽ ഏറ്റവും മഹത്തായ രാവ് ഏതായിരിക്കും? കാലത്തിന് സ്വയം മഹത്വമില്ലെന്നും അതിൽ നടക്കുന്ന സംഭവ വികാസങ്ങളാണ് രാപ്പകലുകളുടെ ശ്രേഷ്ഠതക്ക് മാനദണ്ഡമെന്നുമുള്ള വീക്ഷണപ്രകാരം നബിﷺ ജനിച്ച രാവാകുന്നു ഏറ്റവും അനുഗ്രഹീതമായ രാവ്. ലൈലതുൽ ഖദ്റിനേക്കാൾ അതിന് ശ്രേഷ്ഠത ഉണ്ടെന്നാണ് ഇമാമുകൾ അഭിപ്രായപ്പെടുന്നത്" (നബിദിനം പ്രവാചക സവിശേഷത, പേജ് 13, എൻ, അലി മുസ്‌ല്യാർ കുമരംപുത്തൂർ).

"നബിദിനം മുസ്‌ലിംകൾക്ക് ആഘോഷമാണ്. പെരുന്നാളിനെക്കാൾ വലിയ ആഘോഷം, സർവ്വലോകത്തിന്റെ വിമോചകനായ നബിപിറന്ന നാളിൽ വിശ്വാസികൾ സന്തോഷിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നില്ലെങ്കിൽ പിന്നെ അവർക്ക് മറ്റേത് ആഘോഷമാണുള്ളത്?" (രിസാല മാസിക, 1987 നവംബർ, പേജ് 9).

> **'മനുഷ്യ സ്നേഹത്തിന്റെ മകുടോദാഹരണമായ മുത്ത്നബി ഭൂജാതനായതിന്റെ മഹത്തായ സ്മരണയുമായി...' വർഷങ്ങൾക്കു മുമ്പ് മലപ്പുറം ജില്ലയിൽ നടന്ന ഒരു നബിദിന ഘോഷയാത്രയിൽ ഉയർന്നുകേട്ട വാക്കുകളാണിത്! ആ സമയം ഈയുള്ളവൻ സഞ്ചരിക്കുന്ന ബസ് 'നബിദിന'ക്കാർ സൃഷ്ടിച്ച ബ്ലോക്കിൽ പെട്ട് മുന്നോട്ടു പോകാനാവാതെ നിൽക്കുകയായിരുന്നു! യാത്രക്കാരുടെ മുറുമുറുപ്പിൽ പ്രവാചകനോടുള്ള വെറുപ്പ് നിറഞ്ഞുനിന്നിരുന്നുവെങ്കിൽ ആ വെറുപ്പിന് കാരണക്കാരായവരെ അല്ലാഹു വെറുതെ വിടുമോ?**

ഈ ഉദ്ധരണികൾ ശ്രദ്ധാപൂർവമൊന്ന് വായിച്ചുനോക്കുക. അല്ലാഹുവിനെയും പ്രവാചകനെയും ഇവർ മതം പഠിപ്പിക്കുകയാണെന്ന് തോന്നുന്നില്ലേ? ലൈലതുൽ ക്വദ്‌റിന്റെ മഹത്ത്വവും പുണ്യവും അല്ലാഹു അവന്റെ ക്വുർആനിലൂടെ പഠിപ്പിച്ചതാണ്. നബി ﷺ അക്കാര്യം വിവരിച്ചുതന്നതുമാണ്. ഇവർ പറയുന്നു ലൈലതുൽ ക്വദ്‌റിനെക്കാൾ ശ്രേഷ്ഠത നബിയുടെ ജന്മദിനത്തിനാണെന്ന്! രണ്ട് പെരുന്നാൾ ദിനങ്ങളെക്കാളും ഈ ദിനത്തിന് പോരിശയുണ്ടത്രെ! ഇതൊന്നും അല്ലാഹുവിനും റസൂലിനും സ്വഹാബത്തിനും അറിയാൻ കഴിഞ്ഞില്ല എന്നല്ലേ ഇവരുടെ ജൽപനങ്ങളുടെ അന്തസ്സത്ത? ഇതെങ്ങനെ മുസ്‌ലിംകൾക്ക് അംഗീകരിക്കാൻ കഴിയും?

നബിദിനാഘോഷത്തിലൂടെ ഞങ്ങൾ നബിﷺയെ സ്നേഹിക്കുകയാണ്, സ്നേഹമില്ലാത്തവരാണ് ഇത് ആഘോഷിക്കാത്തതും എതിർക്കുന്നതും എന്നാണ് ഇക്കൂട്ടർ പറയാറുള്ളത്!

നബിﷺയെ സ്നേഹിക്കൽ വിശ്വാസികയുടെ നിർബന്ധ ബാധ്യതയാണെന്നതിൽ സംശയമില്ല. അല്ലാഹു പറയുന്നു:



"നബിയേ, പറയുക: നിങ്ങളുടെ പിതാക്കളും, നിങ്ങളുടെ പുത്രൻമാരും, നിങ്ങളുടെ സഹോദരങ്ങളും, നിങ്ങളുടെ ഇണകളും, നിങ്ങളുടെ ബന്ധുക്കളും, നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും, മാന്ദ്യം നേരിടുമെന്ന് നിങ്ങൾ ഭയപ്പെടുന്ന കച്ചവടവും, നിങ്ങൾ തൃപ്തിപ്പെടുന്ന പാർപ്പിടങ്ങളും നിങ്ങൾക്ക് അല്ലാഹുവെക്കാളും അവന്റെ ദൂതനെക്കാളും അവന്റെ മാർഗത്തിലുള്ള സമരത്തെക്കാളുംപ്രിയപ്പെട്ടതായിരുന്നാൽ അല്ലാഹു അവന്റെ കൽപന കൊണ്ടുവരുന്നതുവരെ നിങ്ങൾ കാത്തിരിക്കുക..." (ക്വുർആൻ 9:24).

നബിﷺ പറഞ്ഞു: "നിങ്ങളിൽ ഒരാളും അവന്റെ പിതാവിനെക്കാളും സന്തതിയെക്കാളും മറ്റെല്ലാ ആളുകളെക്കാളും എന്നെ സ്നേഹിക്കുന്നതുവരെ വിശ്വാസിയാവുകയില്ല" (ബുഖാരി).


എന്നാൽ എങ്ങനെയാണ് നബിﷺ നമ്മുടെയിടയിൽ ജീവിച്ചിരിക്കാത്ത അവസ്ഥയിൽ അദ്ദേഹത്തെ നാം സ്നേഹിക്കുക? അവിടുന്ന് പഠിപ്പിക്കാത്ത പുത്തനാചാരങ്ങൾ ചെയ്തുകൊണ്ടോ? അല്ലാഹുതന്നെ നമുക്ക് പറഞ്ഞുതരുന്നത് കാണുക:

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 3:31).

ഈ ഒരു ക്വുർആൻ സൂക്തം മതി എങ്ങനെയാണ് പ്രവാചകനെ സ്നേഹിക്കേണ്ടത് എന്ന് മനസ്സിലാക്കാൻ. നബിﷺയെ സ്ഹേിക്കുന്നുവെങ്കിൽ അവിടുന്ന് ജീവിച്ചു കാണിച്ചുതന്ന പാത പിന്തുടരണമെന്നാണ് അല്ലാഹു അറിയിക്കുന്നത്. പ്രവാചകന്റെ ജീവിത ചര്യകളെ അവഗണിക്കുകയും റബീഉൽ അവ്വൽ മാസത്തിൽ ഒരു ദിവസം മീലാദ് മീറ്റിൽ പങ്കെടുത്ത് പ്രവാചക സ്നേഹത്തിന്റെ പുണ്യം പറ്റാൻ ശ്രമിക്കുകയും ചെയ്യുന്നവർ വിഡ്ഢികളുടെ സ്വർഗത്തിലാണെന്ന് വ്യക്തം. നബിയെ സ്നേഹിക്കുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ജീവിത ചര്യ പിന്തുടരണം. അപ്പോൾ അല്ലാഹു നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യും. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹു വാഗ്ദാനം ലംഘിക്കാത്തവനാണ്. അല്ലാഹുവിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുന്നവർ അതിൽ പ്രതീക്ഷയർപ്പിച്ച് അവൻ പറഞ്ഞതുപോലെ ജീവിക്കാൻ ശ്രമിക്കുകയാണ് ചെയ്യുക.

ശമീർ മദീനി
shameermadeeni@gmail.com





# ആരാധനകൾക്ക് ഒരാമുഖം

25

അൻപത്തിയൊന്ന്: ഇഹലോകത്തെ സ്വർഗത്തോപ്പിൽ താമസിക്കണമെന്ന് ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ദിക്റിന്റെ ഇരിപ്പിടങ്ങളിൽ അയാൾ ഇരിപ്പുറപ്പിച്ചുകൊള്ളട്ടെ; നിശ്ചയം അത് സ്വർഗത്തോപ്പാകുന്നു.

ഇബ്നു അബീദുൻയയും മറ്റും ജാബിർ ﵁ വിന്റെ ഹദീസായി ഉദ്ധരിക്കുന്നു: ഒരിക്കൽ നബി ﷺ ഞങ്ങളിലേക്ക് വന്നുകൊണ്ട് പറഞ്ഞു:

‘അല്ലയോ ജനങ്ങളേ, സ്വർഗീയ തോപ്പുകളിൽ നിങ്ങൾ മേഞ്ഞുകൊള്ളുക.’ ഞങ്ങൾ ചോദിച്ചു:


'അല്ലാഹുവിന്റെ റസൂലേ, എന്താണ് ആ സ്വർഗത്തോപ്പ്?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനെ പ്രകീർത്തിക്കുന്ന ദിക്റിന്റെ സദസ്സുകളാണത്.' എന്നിട്ട് പറഞ്ഞു: 'നിങ്ങൾ രാവിലെയും വൈകുന്നേരവും പോവുകയും അല്ലാഹുവിനെ പ്രകീർത്തിക്കുകയും ചെയ്യുക. ആർക്കെങ്കിലും അല്ലാഹുവിന്റെയടുക്കലുള്ള തന്റെ സ്ഥാനം അറിയണമെന്നാഗ്രഹമുണ്ടെങ്കിൽ തന്റെയടുക്കൽ അല്ലാഹുവിനുള്ള സ്ഥാനം എങ്ങനെയാണെന്ന് അവൻ നോക്കിക്കൊള്ളട്ടെ. തന്റെയടുക്കൽ അല്ലാഹുവിന് അവൻ കൽപിച്ച സ്ഥാനമനുസരിച്ച് അല്ലാഹു അവനും സ്ഥാനം നൽകുന്നതാണ്' (അബ്ദുബ്നു ഹുമൈദ് തന്റെ മുസ്നദിലും അബൂയഅ്ല തന്റെ മുസ്നദിലും ഉദ്ധരിച്ചത്. ഹാകിമും ഇബ്നുഹിബ്ബാനും ഉദ്ധരിച്ചിട്ടുണ്ട്. ഇതിന്റെ പരമ്പരയിലെ ഉമറുബ്നു അബ്ദില്ല എന്ന വ്യക്തി ദുർബലനാണ്. എന്നാൽ ഇമാം മുൻദിരി 'അത്തർഗീബു വത്തർഹീബി'ൽ ഇതിനെ 'ഹസനായി' പരിഗണിച്ചിട്ടുണ്ട്. ഒരു പക്ഷേ, ഉപോൽബലകങ്ങളായ മറ്റു റിപ്പോർട്ടുകളെ (ശവാഹിദ്) പരിഗണിച്ചായിരിക്കും- കുറിപ്പുകാരൻ).

അൻപത്തിരണ്ട്: ദിക്റിന്റെ സദസ്സുകൾ മലക്കുകളുടെ സദസ്സുകളാണ്. അല്ലാഹു പ്രകീർത്തിക്കപ്പെടുന്ന സദസ്സുകളല്ലാതെ മറ്റൊരു സദസ്സും അവർക്ക് ദുനിയാവിലില്ല. ഇമാം ബുഖാരിയും ഇമാം മുസ്ലിമും തങ്ങളുടെ സ്വഹീഹുകളിൽ ഉദ്ധരിക്കുന്നു: അബൂ ഹുറയ്റ‏ؓ നിവേദനം: "അല്ലാഹുവിന്റെ തിരുദൂതർ പറഞ്ഞു: 'നിശ്ചയം, ജനങ്ങളുടെ കർമങ്ങൾ രേഖപ്പെടുത്തുന്ന മലക്കുകൾ കൂടാതെ അല്ലാഹുവിന് പ്രത്യേകമായി ചില മലക്കുകളുണ്ട്. അവർ വഴികളിലൂടെ ചുറ്റിസഞ്ചരിച്ച് 'ദിക്റി'ന്റെ ആളുകളെ അന്വേഷിക്കും. അങ്ങനെ അല്ലാഹുവിനെ ദിക്ർ ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെ കണ്ടെത്തിയാൽ (മറ്റു മലക്കുകളോടായി) അവർ വിളിച്ചു പറയും: 'നിങ്ങൾ അന്വേഷിച്ചുനടക്കുന്നതിലേക്ക് വരൂ.' അങ്ങനെ അവർ തങ്ങളുടെ ചിറകുകൾകൊണ്ട് ഇവരെ ചുറ്റിപ്പൊതിയും. അവരുടെ രക്ഷിതാവ് അവരോട് ചോദിക്കും-അവൻ ഇവരെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവനാണ്- 'എന്റെ ദാസന്മാർ എന്താണ് പറയുന്നത്?' അവർ പറയും: 'അവർ നിന്നെ പ്രകീർത്തിക്കുകയും (തസ്ബീഹ്) നിന്റെ മഹത്ത്വങ്ങൾ വാഴ്ത്തുകയും (തക്ബീർ) നിന്നെ സ്തുതിക്കുകയും (ഹംദ്) നിന്നെ പുകഴ്ത്തുകയും ചെയ്യുകയാണ്.'

അപ്പോൾ അല്ലാഹു ചോദിക്കും: 'അവർ എന്നെ കണ്ടിട്ടുണ്ടോ?' മലക്കുകൾ പറയും: 'ഇല്ല, അല്ലാഹുവാണെ സത്യം! അവർ നിന്നെ കണ്ടിട്ടില്ല.' അപ്പോൾ അവൻ ചോദിക്കും: 'അപ്പോൾ അവർ എന്നെ കണ്ടാൽ എന്തായിരിക്കും സ്ഥിതി?' അവർ പറയും: 'അവർ നിന്നെ കണ്ടിരുന്നെങ്കിൽ ഏറ്റവും ശക്തമായി നിനക്ക് ഇബാദത്തുകൾ എടുക്കുകയും ഏറ്റവും ശക്തമായി നിന്നെ വാഴ്ത്തുകയും പുകഴ്ത്തുകയും വളരെ കൂടുതലായി നിന്നെ പ്രകീർത്തിക്കുകയും ചെയ്യുമായിരുന്നു.'

അല്ലാഹു ചോദിക്കും: 'അവർ എന്താണ് എന്നോട് ചോദിച്ചുകൊണ്ടിരിക്കുന്നത്?' മലക്കുകൾ പറയും: 'അവർ നിന്നോട് സ്വർഗം ചോദിക്കുന്നു.' അപ്പോൾ അല്ലാഹു ചോദിക്കും: 'അവർ സ്വർഗം കണ്ടിട്ടുണ്ടോ?' അപ്പോൾ മലക്കുകൾ പറയും: 'ഇല്ല, അല്ലാഹുവാണെ, അവർ അത് കണ്ടിട്ടില്ല.' അപ്പോൾ അല്ലാഹു പറയും: 'അപ്പോൾ അവർ അത് കണ്ടിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി?' മലക്കുകൾ പറയും: 'അവർ അത് കണ്ടിരുന്നെങ്കിൽ ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ ശക്തമായ ആഗ്രഹമുള്ളവരും അതിയായി അതിനുവേണ്ടി തേടുന്നവരും അതിന്റെ കാര്യത്തിൽ അതീവ തൽപരരുമാകുമായിരുന്നു.'

എന്നിട്ട് അല്ലാഹു ചോദിക്കും: 'എന്തിൽനിന്നാണവർ രക്ഷ തേടുന്നത്?' മലക്കുകൾ പറയും: 'നരകത്തിൽ നിന്ന്.' അല്ലാഹു ചോദിക്കും: 'അവരത് കണ്ടിട്ടുണ്ടോ?' മലക്കുകൾ പറയും: 'ഇല്ല, അല്ലാഹുവാണെ അവരത് കണ്ടിട്ടില്ല.' അല്ലാഹു പറയും: 'അപ്പോൾ അവരത് കണ്ടാൽ എന്തായിരിക്കും അവസ്ഥ?' മലക്കുകൾ പറയും: 'അവരത്



കണ്ടിരുന്നെങ്കിൽ ഇപ്പോഴുള്ളതിനെക്കാൾ കൂടുതൽ ശക്തമായി അതിൽനിന്ന് ഓടിയകലുകയും വല്ലാതെ അതിനെ ഭയക്കുകയും ചെയ്യുമായിരുന്നു.' അല്ലാഹു പറയും: 'ഞാനിതാ നിങ്ങളെ സാക്ഷിനിർത്തിക്കൊണ്ട് പറയുന്നു: തീർച്ചയായും ഞാനവർക്ക് പൊറുത്തുകൊടുത്തിരിക്കുന്നു.' അപ്പോൾ ആ മലക്കുകളിൽ പെട്ട ഒരു മലക്ക് പറയും: 'അവരുടെ കൂട്ടത്തിൽ അവരിൽ പെടാത്ത ഒരാളുണ്ട്. അയാൾ മറ്റെന്തോ ആവശ്യത്തിന് വന്നുപെട്ടതാണ്.' അവൻ പറയും: 'അവർ ഒരുമിച്ചിരുന്നവരാണ്. അവരോടൊപ്പം ഇരുന്നവരും പരാജയപ്പെടുകയില്ല' (ബുഖാരി, മുസ്‌ലിം).

ഇത് അവർക്ക് അല്ലാഹു കൽപിച്ച ആദരവിന്റെയും അനുഗ്രഹത്തിന്റെയും ഭാഗമാണ്. അവർക്ക് മാത്രമല്ല, അവരോട് കൂടെ ഇരുന്നവർക്കും. അല്ലാഹു സൂറതു മർയമിൽ പറഞ്ഞതിൽനിന്നൊരു വിഹിതം അവർക്കുമുണ്ട്: "ഞാൻ എവിടെയായിരുന്നാലും എന്നെ നീ അനുഗ്രഹീതനാക്കേണമേ..."(19:31). ഇപ്രകാരമാണ് സത്യവിശ്വാസി. അവൻ എവിടെച്ചെന്നിറങ്ങിയാലും അനുഗ്രഹിക്കപ്പെട്ടവനായിരിക്കും. എന്നാൽ തെമ്മാടികൾ എവിടെ ചെന്നുപെട്ടാലും ലക്ഷണം കെട്ടവരായിരിക്കും.

അല്ലാഹുവിനെ പ്രകീർത്തിക്കുന്ന സദസ്സുകൾ മലക്കുകളുടെ സദസ്സുകളാണ്. എന്നാൽ അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്നകന്ന അശ്രദ്ധയുടെ സദസ്സുകളാട്ടെ അവ പിശാചുക്കളുടെ സദസ്സുകളാണ്. ഓരോന്നും അതിന്റേതായ സദൃശ്യരിലേക്കും കോലത്തിലേക്കുമാണ് ചേർക്കപ്പെട്ടിരിക്കുന്നത്. ഓരോ വ്യക്തിയും തനിക്ക് അനുയോജ്യമായതിലേക്ക് ചെന്നുചേരുന്നതാണ്.

അമ്പത്തിമൂന്ന്: നിശ്ചയം, അല്ലാഹു അവനെ പ്രകീർത്തിക്കുന്നവരെക്കുറിച്ച് മലക്കുകളോട് അഭിമാനം പറയും. ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ അബൂസഈദിൽ ഖുദ്‌രി‍﵁ നിവേദനം ചെയ്തതായി ഉദ്ധരിക്കുന്നു: "പള്ളിയിലുണ്ടായിരുന്ന ഒരു സദസ്സിലേക്ക് മുആവിയ‍﵁ ചെന്നിട്ട് ചോദിച്ചു: 'എന്താണ് നിങ്ങളെ ഇവിടെ പിടിച്ചിരുത്തിയിരിക്കുന്ന കാര്യം?' അവർ പറഞ്ഞു: 'ഞങ്ങൾ അല്ലാഹുവിനെ പ്രകീർത്തിച്ചുകൊണ്ട് ഇരുന്നതാണ്.' അദ്ദേഹം ചോദിച്ചു: 'അല്ലാഹുവാണെ, അതുതന്നെയാണോ നിങ്ങളെ ഇവിടെ പിടിച്ചിരുത്തിയത്?' അവർ പറഞ്ഞു: 'അല്ലാഹുവാണേ, ഞങ്ങൾ അതിനുവേണ്ടി മാത്രമാണ് ഇവിടെയിരുന്നത്.'

മുആവിയ‍﵁ പറഞ്ഞു: 'ഞാൻ നിങ്ങളെ സംശയിച്ചതുകൊണ്ടല്ല നിങ്ങളോട് ശപഥം ചെയ്യിച്ചത്. (പ്രത്യുത മറ്റൊരു കാര്യത്തിനാണ്). എന്നെക്കാൾ നബി‍ﷺയിൽനിന്ന് കുറച്ചു മാത്രം ഹദീസുകൾ റിപ്പോർട്ട് ചെയ്ത വേറെ ആരും ഉണ്ടാകില്ല എന്നാണ് ഞാൻ കരുതുന്നത്. ഒരിക്കൽ നബി‍ﷺ



തന്റെ സ്വഹാബികൾ കൂടിയിരുന്ന ഒരു സദസ്സിലേക്ക് ചെന്നിട്ട് ചോദിച്ചു: 'എന്താണ് നിങ്ങളെ ഇവിടെ പിടിച്ചിരുത്തിയ സംഗതി?' അവർ പറഞ്ഞു: 'ഞങ്ങൾ ഇവിടെ ഇരുന്നത് അല്ലാഹുവിനെ പ്രകീർത്തിക്കാനും ഞങ്ങളെ ഇസ്‌ലാമിലേക്ക് വഴിനടത്തുകയും സന്മാർഗം നൽകി അനുഗ്രഹിക്കുകയും ചെയ്തതിന് അവന് സ്തുതിക്കളർപ്പിക്കുവാനുയിട്ടാണ്.' അപ്പോൾ നബി‍ﷺ ചോദിച്ചു: 'അല്ലാഹുവാണേ,സത്യം, അതുതന്നെയാണോ നിങ്ങളെ ഇവിടെ പിടിച്ചിരുത്തിയത്?' അവർ പറഞ്ഞു: 'അല്ലാഹുവാണേ സത്യം! അതുമാത്രമാണ് ഞങ്ങളെ ഇവിടെ പിടിച്ചിരുത്തിയത്.' അപ്പോൾ നബി‍ﷺ പറഞ്ഞു: 'തീർച്ചയായും നിങ്ങളെ സംശയിച്ചതിന്റെ പേരിലല്ല ഞാൻ നിങ്ങളെക്കൊണ്ട് ശപഥം ചെയ്യിച്ചത്. മറിച്ച് എന്റെയടുക്കൽ ജിബ്‌രീൽ‍ﷺ വന്നിട്ട് പറഞ്ഞു: 'നിശ്ചയം, അല്ലാഹു തആല നിങ്ങളെക്കുറിച്ച് മലക്കുകളോട് അഭിമാനം പറയുന്നുവത്രെ' (മുസ്‌ലിം).

പടച്ച റബ്ബിന്റെ ഈ അഭിമാനം പറച്ചിൽ ദിക്റിന് അവന്റെയടുക്കലുള്ള മഹത്ത്വവും ആദരവും അവന് അതിനോടുള്ള ഇഷ്ടവുമൊക്കെ അറിയിക്കുന്നുണ്ട്. മറ്റു കർമങ്ങളെക്കാൾ അതിനുള്ള പ്രത്യേകതയും മനസ്സിലാക്കിത്തരുന്നുണ്ട്. **(തുടരും)**



സുലൈമാൻ പെരുമുക്ക്
mail@nerpatham.com

കവിത

# യുക്തിനാട്യങ്ങൾ

**ഞാ**ൻ കണ്ട
യുക്തിനാട്യങ്ങൾ
മാലിന്യത്തിൽ കിടക്കുന്ന
കുപ്പിച്ചില്ലുകളായാണ്
അനുഭവപ്പെട്ടത്.

പ്രതിപക്ഷ ബഹുമാനം
എന്തെന്നറിയാത്തവർക്ക്
പച്ചത്തെറി
പാടി നടക്കുന്നതാണ്
അലങ്കാരലഹരി!

സ്വതന്ത്ര ചിന്തയുടെ
ഭൂമികയിൽ
നിൽക്കുന്നവരുടെ നെഞ്ചിൽ
നന്മയുടെ പൂക്കളില്ല,
അതുകൊണ്ടാണ്
സ്നേഹമയത്തിലുള്ള
മാടിവിളികളൊന്നും
കാണാൻ കഴിയാത്തത്!

നേരിന്റെ
നിലാവിനെ കല്ലെറിയാനുള്ളതാണ്
ജീവിതമെന്നു കരുതുന്നവർ
സ്വയം മാറാതെ
ഈ നാറ്റത്തിനൊരു
മാറ്റവും വരുന്നതല്ല.

ഞങ്ങൾ മാത്രമാണ് നല്ലവരെന്നു
വെറുതേ തർക്കിച്ചു നടക്കുമ്പോഴും
ഇവിടെ ഒരു
പൂച്ചെടിപോലും
നട്ടതായി കാണുന്നില്ല!

ഏറ്റവും വലിയ
മുദ്രാവാക്യം
'കുത്തഴിഞ്ഞ ജീവിതം
കെട്ടിപ്പടുക്കുവാൻ
ഇതിലേ... ഇതിലേ വരൂ'
എന്നതാണ്!

വിശ്വാസത്തിനു നേരെ
വിഷം ചീറ്റി തളർന്നവരിന്ന്
വിശ്വാസികളെ തമ്മിലടിപ്പിച്ച്
ചോരകുടിച്ച് രസിക്കാനുള്ള
പുതിയ തന്ത്രത്തിലാണെന്നത്
യുക്തിനാട്യങ്ങളിലേക്ക്
നോക്കിയാൽ കാണാം.

wisdomyouth



**നാം എല്ലാ നേരവും വയറ് നിറച്ച്**
**വിഭവസമൃദ്ധമായ ഭക്ഷണം**
**കഴിക്കുമ്പോൾ ആഹാരത്തിനായി**
**കൊതിയോടെ കഴിയുന്ന മനുഷ്യർക്കായി ഒരു ശ്രമം**

WISDOM YOUTH

# treat

## Hunger free homes

WISDOM ISLAMIC ORGANIZATION -TREAT
AC.NO. 921010033265035
AXIS BANK LTD CALICUT BRANCH
IFSC-UTIB0000136

LIVE STREAMING
wisdomglobaltv
wisdomyouth

**WISDOM ISLAMIC YOUTH ORGANIZATION,**
**C.V.COMPLEX, P.V.SWAMI ROAD, CALICUT**

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 OCTOBER 16

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm